IV റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 31-ാമത് റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 31-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V നിയമനിർമ്മാണ കാര്യം

(1) 1986-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി ബിൽ

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, 1986-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഈ ബില്ലിന്റെ അവതരണം ക്രമപ്രകാരമുള്ളതല്ല. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിന് പ്രാബല്യം കൊടുത്തിരിക്കുന്നത് 1984 ആഗസ്റ്റ് മാസം 6-ാം തീയതി മുതൽക്കാണ്. സർ, നമ്മുടെ ഈ ബില്ലിൽതന്നെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഒരു വാചകം എഴുതിയിട്ടുണ്ട്. "The Bill, if enacted and brought into operation, would not involve any additional expenditure from the Consolidated Fund of the State" എന്നാണ് എഴുതിയിരിക്കുന്നത്. കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും മറ്റും പെൻഷൻ പ്രായം 55 വയസ്സ് എന്നുള്ളത് 60 വയസ്സായി വർദ്ധിപ്പിക്കുകയാണ്. അപ്പോൾ 1986 ആഗസ്റ്റ് മാസം 6-ാം തീയതി ഈ നിയമം നിലവിൽ വരുമ്പോൾ തീർച്ചയായിട്ടും അഡീഷണൽ എക്സ്പെൻഡിച്ചർ ഉണ്ടാകുമെന്നുള്ളത് വളരെ വ്യക്തമാണ്. അതേ സമയം നടപടിച്ചട്ടം 73-ൽ എന്താണ് പറയുന്നത്. "A Bill involving expenditure shall be accompanied by a Financial Memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law" എന്നാണ്. ഇപ്രകാരം 55 വയസ്സിൽ റിട്ടയർ ചെയ്യേണ്ട ആളുകളെ 60 വയസ്സുവരെ സർവ്വീസിൽ തുടരാൻ അനുവദിക്കുക വഴി അധിക ചെലവുണ്ടാകുമെന്നുള്ളത് പകൽപോലെ വ്യക്തമാണ്. അത് മാത്രമല്ല ഇപ്പോൾ ഉണ്ടാകുകയില്ലെന്ന് പറയുന്നത് ശരിയല്ല. ഈ ബില്ലിന് റിട്രോസ്പെക്ടീവ് ഇഫക്ടാണ് കൊടുത്തിരിക്കുന്നത്. 1984 ആഗസ്റ്റ് മാസം 6-ാം തീയതിയാണ് ഈ ബില്ല് നിയമമാകുന്നത്. തീർച്ചയായും അതിന്റെ പേരിൽ ഒരു അഡീഷണൽ എക്സ്പെൻഡിച്ചറുണ്ട്. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും എക്സ്പെൻഡിച്ചർ ഉണ്ടോ, ഇല്ലയോയെന്നുള്ളത് ചട്ടം 73-ൽ പറയുന്നില്ല. ഏത് വിധത്തിലുള്ള അഡീഷണൽ എക്സ്പെൻഡിച്ചർ ആയാലും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

രിക്കണമെന്നാണ് ചട്ടം 73-ൽ അനുശാസിക്കുന്നത്. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നാണ് അഡീഷണൽ എക്സ്പെൻറിച്ചർ വരുന്നതെങ്കിൽ ഗവർണ്ണറുടെ ശുപാർശ വേണം. ഗവർണ്ണറുടെ ശുപാർശ ഇതിൽ ഇല്ല എന്നുള്ളതാണ് ഒരു കാര്യം. രണ്ടാമത് ഏത് ഫണ്ടിൽ നിന്നായാലും അഡീഷണൽ എക്സ്പെൻറിച്ചർ ഉണ്ടെങ്കിൽ അക്കാര്യം ബില്ലിൽ പറയണം. അത് പറഞ്ഞിട്ടില്ല. ഈ കാരണങ്ങളാൽ ഈ പ്രമേയാവതരണം ക്രമപ്രകാരമുള്ളതല്ല എന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇക്കാര്യത്തിൽ അങ്ങ് ഒരു തീരുമാനം വരുത്തണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, ബഹുമാനപ്പെട്ട രാധാകൃഷ്ണൻ പറഞ്ഞത് ശരിയല്ല. ഈ ബില്ലിൻെറ ധനകാര്യ മെമ്മോറാണ്ടത്തിൽ ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും കൂടുതലായി യാതൊരു ചെലവും ഉണ്ടാകുന്നതല്ല എന്നു പറഞ്ഞിട്ടുണ്ട്. അദ്ധ്യാപകൻമാർക്കും മറ്റും റിട്ടയർമെൻറ് വയസ് 55-ൽ നിന്നും 60 ആക്കുന്നതു നിമിത്തം അധികമായി സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നില്ല. കാരണം റിട്ടയർ ചെയ്യുന്നയാളിനു പകരം ആളുകളെ ഈ കാലയളവിൽ നിയമിക്കേണ്ടി വരുന്നില്ല. കൂടാതെ ഇക്കൊല്ലം ചെലവാകുമായിരുന്ന പെൻഷനും കൊടുക്കേണ്ടതില്ല. ഇതിൽ നിന്നുണ്ടാകുന്ന സേവിംഗ്സ് നീട്ടിയ സേവനകാലത്തേക്ക് കൊടുക്കുന്നതിനു മതിയാകുന്നതാണ്.

(ബഹളം) .....

ശ്രീ. ബേബി ജോൺ : ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നത്, The Bill, if enacted and brought into operation, would not involve any additional expenditure from the Consolidated Fund of the State. Consolidated Fund എന്നു മാത്രമല്ല any expenditure from the consolidated fund of the state എന്നാണ്.

മി. സ്പീക്കർ : മന്ത്രിയുടെ വിശദീകരണത്തിൻെറ അടിസ്ഥാനത്തിൽ ഒബ്ജക്ഷൻ ഓവർ റൂൾ ചെയ്യുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, 1986-ലെ കേരള കാർഷിക സർവ്വകലാശാല ഭേദഗതി ബിൽ കൃഷിയും സംയോജിതഗ്രാമവികസനവുമെന്ന ഒന്നാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, 1971-ലെ കാർഷിക സർവ്വകലാശാല ആക്ടിലെ 42-ാം വകുപ്പ് 4-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുന്നതിനുള്ളതാണ് ഈ ബിൽ. 1984 ആഗസ്റ്റ് ആറാം തീയതി മുതൽ പൂർവ്വകാല പ്രാബല്യത്തോടുകൂടി നടപ്പിൽ വരുത്തേണ്ടതാണ്. അന്നുമുതൽ ഓർഡിനൻസ് പ്രകാരം ഈ ബില്ലിലെ വ്യവസ്ഥകൾ ബാധകമാക്കിയിട്ടുണ്ട്. 1971-ലെ ആക്ടിലെ 42-ാം വകുപ്പ് 4-ാം ഉപവകുപ്പുപ്രകാരം കാർഷിക സർവ്വകലാശാലയിലെ ചാൻസിലറും പ്രോ-വൈസ് ചാൻസിലറും വൈസ് ചാൻസിലറും ഒഴികെയുള്ള സർവ്വകലാശാലയിലെ ഉദ്യോഗസ്ഥൻമാരുടെയും അദ്ധ്യാപകരുടെയും സാധാരണ റിട്ടയർ ചെയ്യുന്ന വയസ് 55 ആണ്. മറ്റ് സർവ്വകലാശാലകളിൽ അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള ഉദ്യോഗസ്ഥൻമാരുടെ വയസ് 60 ആണ്. അതുകൊണ്ട് കേരള കാർഷിക സർവ്വകലാശാലയിൽ സേവനത്തിലുള്ള ഫാക്കൽറ്റി ഡീൻമാരുടെയും, സ്റ്റുഡൻറ് വെൽഫെയർ ഡയറക്ടറുടെയും, റിസർച്ച് ഡയറക്ടറുടെയും, എക്സ്റ്റൻഷൻ ഡയറക്ടറുടെയും, ലൈബ്രേറിയൻറെയും, അദ്ധ്യാപകരുടെയും റിട്ടയർമെൻറ് വയസ് അറുപതായി ഉയർത്തുന്നത് ആവശ്യമാണെന്ന് കരുതി. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

Shri K.V. Surendranath : Sir, I move that "This House resolves to disapprove the Kerala Agricultural University (Amendment) Ordinance, 1986 (Ordinance No. 58 of 1986).

ഓർഡിനൻസിനെ മാത്രമല്ല ഈ ബില്ലിനെയും അനുകൂലിക്കാൻ യാതൊരു നിർവ്വാഹവുമില്ല. ശക്തിയായി എതിർക്കുന്നു. ആ ബിൽ ഇവിടെ അവതരിപ്പിച്ച രീതിയേയും ഞാൻ എതിർക്കുന്നു. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്കല്ല അയയ്ക്കേണ്ടത്. ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനു വേണ്ടി സർക്കുലേറ്റ് ചെയ്യണമെന്നുള്ളതാണ് എൻറെ അഭിപ്രായം. അടിയന്തിരസ്വഭാവമുള്ള പ്രശ്നമായതു കൊണ്ടാണ് കൊണ്ടുവന്നതെന്നാണ് പറഞ്ഞത്. അങ്ങനെ അടിയന്തിര സ്വഭാവമുണ്ടെന്ന് പറഞ്ഞതംഗീകരിച്ചു കൊണ്ട് 1984 ആഗസ്റ്റ് മാസം ആറാം തീയതി മുതൽ പൂർവ്വകാലപ്രാബല്യത്തോടുകൂടി പാസാക്കി നടപ്പിലാക്കണമെന്നാണ് ഇവർ ആവശ്യപ്പെട്ടത്. എന്താണ് ഇതിൻറെ അടിയന്തിര സ്വഭാവമെന്ന് എത്രകണ്ട് ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. പെൻഷൻകാരുടെ കാര്യം പറഞ്ഞു. റിട്ടയർ ചെയ്തു പോകുന്ന വയസ് രണ്ടുകൊല്ലമോ അഞ്ചു കൊല്ലമോ കൂട്ടി കൊടുക്കുന്നതിനു ഇത്രയും വലിയ അടിയന്തിര സ്വഭാവമുണ്ടോ ? ഈ "അടിയന്തിരസ്വഭാവ" ത്തെപ്പറ്റി കാർഷിക യൂണിവേഴ്സിറ്റിയുടെ കാമ്പസിനകത്ത് ഒരുപാട് കഥകൾ പ്രചരിക്കുന്നുണ്ട്. അയ്യായിരം രൂപ വീതം സ്റ്റാഫിൽനിന്നും പിരിച്ചതായാണ് വളരെ വ്യാപകമായി കേൾക്കുന്നത്. നിഷേധിക്കാൻ വയ്യാത്ത രീതിയിൽ കേൾക്കുന്നുണ്ട്. അഞ്ചോ ആറോ ആളുകളിൽ നിന്ന് പിരിച്ചില്ല എന്നതൊഴിച്ചാൽ ബാക്കിയെല്ലാവരിൽ നിന്നും പിരിച്ചുവെന്നാണ് കേൾക്കുന്നത്. അങ്ങനെയാണതിൻറെ അടിയന്തിര സ്വഭാവത്തിൻറെ കാര്യം. ഇതിനെ പറ്റി കൂടുതലായിട്ടൊന്നും ഞാൻ പറയുന്നില്ല. ഉന്നതസ്ഥാനീയരായ പല ആളുകളെയും പല ആളുകളുടെ അടുത്ത ബന്ധുക്കളെയുമൊക്കെ ഇതുമായി ബന്ധപ്പെടുത്തി നിരവധി നാറുന്ന കഥകൾ ഈ രാജ്യത്ത് പ്രചരിക്കുന്നുണ്ട്. ഇതാണോ അടിയന്തിര ആവശ്യം ? അടിയന്തിര സ്വഭാവം ?

സർ, പെൻഷനാകുന്നതിൻറെ കാലാവധി അഞ്ചു കൊല്ലം നീട്ടുന്നതിനു വേണ്ടി ഈ രാജ്യത്തിൻറെ ഭരണഘടനയിലെ പ്രത്യേക അധികാരം ഉപയോഗിച്ച് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയും, അതിന് ഏഴു തവണ വീണ്ടും വീണ്ടും പുനർ അവതാരം കൊടുക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഏഴാമത്തെ തവണയാണ് ഇപ്പോൾ വരുന്നത്. ഇപ്പോൾ ഈ ബിൽ കൊണ്ടുവന്നിട്ട് രണ്ടേകാൽ കൊല്ലത്തെ പൂർവ്വകാല പ്രാബല്യം കൊടുക്കുകയെന്നൊക്കെ പറഞ്ഞാൽ ആളുകൾ പുച്ഛിക്കും. ഇത് സഭ പാസാക്കുകയാണെങ്കിൽ സഭയ്ക്ക് അത് അപമാനമായിരിക്കും. ഇപ്പോഴത്തെ കൃഷി വകുപ്പുമന്ത്രിയും മുമ്പിരുന്ന മന്ത്രിയും ഇതൊന്നും അറിഞ്ഞു കാണുകയില്ലായിരിക്കാം. എങ്കിലും സംഗതി വളരെ മോശമാണ്. ഇത് ചെയ്യാതിരിക്കുകയാണ് ഭേദം. യാതൊരു കാരണവശാലും ഇത് സഭ പാസാക്കരുതെന്നാണ് എനിക്ക് ആദ്യമായിട്ട് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒരു കാര്യം ഇവിടെ ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞു. ഇത് കൺസോളിഡേറേഡ് ഫണ്ടിന്റെ എക്സ്പെൻഡിച്ചർ ഇൻവോക്ക് ചെയ്യുകയില്ലെന്നൊക്കെ സാങ്കേതികമായി പറയാം. കാർഷിക സർവ്വകലാശാലയ്ക്ക് നമ്മുടെ ഖജനാവിൽ നിന്ന് കൊടുക്കുന്ന ഏത് പൈസയും അവർ അവിടെ എന്ത് കണക്കിൽ വരവ് വെച്ചാലും അവർ കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കൺസോളിഡേറേഡ് ഫണ്ടിൽ ചേർത്തിട്ട് അതിൽ നിന്നെടുത്ത് ചെലവാക്കുന്നതായിട്ട് കണക്കെഴുതിയാലും ഈ നാട്ടിലെ നികുതിദായകർ കൊടുക്കുന്ന കാശാണ് അത്. ഈ നികുതിദായകന്റെ കാശ് ഈ കൺസോളിഡേറേഡ് ഫണ്ടിൽ നിന്നും എടുത്ത് അവരുടെ കൺസോളിഡേറേഡ് ഫണ്ടിലേക്ക് മാറിയതാണെന്ന് വളരെ തലനാരിഴ കീറുന്ന സാങ്കേതികമായ കാരണം പറഞ്ഞിട്ട് കൊണ്ടുവരാം. പക്ഷേ ഈ സഭയോട് കാണിക്കുന്ന ഒരു വഞ്ചനയാണത്. അത് വളരെ വ്യക്തമായി സാമാന്യ യുക്തിവച്ച് നോക്കിയാൽ വലിയ ആലോചനയൊന്നുമില്ലാത്ത പൊട്ടക്കണ്ണനുപോലും പറയാൻ സാധിക്കും. അതുകൊണ്ട് ഗവർണ്ണറുടെ പ്രത്യേകാനുമതിയില്ലാതെ ഈ ബിൽ അവതരിപ്പിച്ചത് പ്രത്യക്ഷത്തിൽ നിയമവിരുദ്ധമാണ് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അഡീഷണൽ എക്സ്പെൻഡിച്ചർ ഉണ്ടാകുകയില്ലെന്നുള്ളത് വളരെ വിചിത്രമായൊരു വാദമാണ്. ഇവരുടെ ശമ്പളത്തിന്റെ നിരക്ക് 3,500 രൂപയാണ്. 3,500 രൂപയാണ്, സീനിയർ പ്രൊഫസർമാരുടെ ശമ്പളത്തിന്റെ മാക്സിമം. ജൂനിയർ പ്രൊഫസറായിട്ട് കയറുന്ന ആളിന്റെ ശമ്പളം മാക്സിമം 900 രൂപയായിട്ട് ഉയർത്തി. 900-വും 3,500-ും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നാണോ മന്ത്രി പറയുന്നത്.

3,500 രൂപ ശമ്പളം വാങ്ങുന്ന സീനിയർ പ്രൊഫസറെ പിരിച്ചുവിടാതെ വച്ചുകൊണ്ടിരുന്നാൽ, പിരിച്ചുവിടുകയാണെങ്കിൽ അതിന് പകരം നിയമിക്കുന്ന ആളിന് കൊടുക്കേണ്ട ശമ്പളം ലാഭിക്കാമെന്നാണ് ന്യായമായി പറഞ്ഞത്. ഈ കണക്ക് തെറ്റിപ്പോയി, 3,500-ഉം 700-ഉം തമ്മിൽ വ്യത്യാസമില്ലേ ?

ശ്രീ. തോമസ് കല്ലമ്പള്ളി : കേരളം പോലുള്ള തൊഴിലില്ലായ്മ അനുഭവിക്കുന്ന ഒരു സംസ്ഥാനത്ത് 60 വയസ്സാക്കുന്നത് തെറ്റാണെന്നുള്ള വാദഗതി വളരെ ശക്തമായി നിൽക്കുന്ന ഈ സന്ദർഭത്തിൽ അങ്ങ് റിട്ടയർമെന്റ് ഏജ് 60 ആക്കുന്നതിനനുകൂലമാണോ ?

ശ്രീ. കെ.വി. സുരേന്ദ്രനാഥ് : ഞാൻ അതിനെ എതിർക്കുന്നു എന്ന് പറഞ്ഞുകഴിഞ്ഞു. ശ്രീ. കല്ലമ്പള്ളി കേൾക്കാത്തതിന് ഞാൻ എന്തുചെയ്യാനാണ്.

മി. സ്പീക്കർ : ശ്രീ. കല്ലമ്പള്ളി, ബഹുമാനപ്പെട്ട അംഗം പറയുന്നത് ശ്രദ്ധിച്ചിരുന്ന് കേൾക്കൂ. അങ്ങ് ഇങ്ങനെ അസ്വസ്ഥനാകരുത്. അങ്ങ് ഇരിക്കൂ.

ശ്രീ. കെ.വി. സുരേന്ദ്രനാഥ് : മാസം തോറും 700 രൂപ കൊടുക്കേണ്ടിവരുന്ന ഒരു ജൂനിയർ പ്രൊഫസറെ നിയമിക്കുന്നത് ലാഭിച്ചു. അതുകൊണ്ട് 3,500 രൂപ കൊടുക്കുന്നത് മൊത്തത്തിൽ ആദായമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി വാദിക്കുന്നത്. ഇത് പുതിയ കണക്കാണ്.

അതുപോലെ മറ്റൊരു വിചിത്രമായ സംഗതിയുണ്ട്. 1971-ൽ ഞങ്ങളുടെ സഖാവ് ശ്രീ. എം.എൻ. ഗോവിന്ദൻ നായർ കൃഷി വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഈ ബിൽ അവതരിപ്പിച്ചപ്പോഴും അദ്ദേഹം പ്രൊപ്പോസ് ചെയ്തതിനു വിരുദ്ധമായി, അന്ന് ഞങ്ങളുടെ കൂട്ടത്തിൽ ഇരുന്നിരുന്ന കോൺഗ്രസ്

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭാ സാമാജികൻമാർ ഇത് 50 അല്ലെങ്കിൽ പരമാവധി 52 വയസ്സാക്കണം, ഒരിക്കലും 55 ആക്കാൻ പാടില്ലായെന്ന് ശക്തിയുക്തം വാദിച്ച ആളുകളാണ്. അങ്ങനെ ഒരു കാലമുണ്ടായിരുന്നു ! ഇവിടെ നമ്മുടെ യൂത്ത് സ്നേഹിതൻമാർ റ്റ്രാൻറ്റേഷൻസ് എല്ലാം ദേശവൽക്കരിക്കണം, അതിൻറെ സീലിംഗ് 10 ഏക്കറായി ചുരുക്കണം, റിട്ടയർമെൻറ് ഏജ് 50 ആക്കി ചുരുക്കണം എന്നൊക്കെ മുദ്രാവാക്യം വിളിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്ന് 55 ആക്കുന്നതിനെ എതിർത്ത് 50 ആക്കണമെന്ന്. വാദിച്ച ആളുകൾ, ആ തീവ്രവിപ്ലവകാരികളിൽ ഒരാൾ ബഹുമാനപ്പെട്ട ഹസ്സൻ ആണ്.

ശ്രീ. എം. എം. ഹസ്സൻ : കേരളത്തിലെ മാറ് സർവ്വകലാശാലകളിലെല്ലാം ടീച്ചിംഗ് സ്റ്റാഫിൻറെ റിട്ടയർമെൻറ് ഏജ് 60 ആണ്. അങ്ങനെയാണെങ്കിൽ ആ ബില്ലുകൾ വന്ന കാലത്ത് നിങ്ങൾ അതിനെ എതിർത്തിരുന്നോ?

ശ്രീ. കെ.വി. സുരേന്ദ്രനാഥ് : ബഹുമാനപ്പെട്ട ഹസ്സൻ, ഞാൻ ഈ ബില്ല് വായിച്ചിട്ടാണ് സംസാരിക്കുന്നത്. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന ഒരു ആർഗ്യുമെൻറ് ശ്രീ. ഹസ്സൻ എന്നെ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ്. ഞാൻ അത് പറയാൻ തുടങ്ങുകയാണ്. അങ്ങനെ മുദ്രാവാക്യം വിളിച്ച ആളുകളാണ് അവർ.

ശ്രീ. വി.സി. കബീർ : അന്ന് നഗരസ്വത്തിന് പരിധി നിശ്ചയിക്കണമെന്ന് പറഞ്ഞവരും, ഡിപ്പാർട്ടുമെൻറുകളിൽ പ്രായപരിധി കുറയ്ക്കണമെന്ന് പറഞ്ഞവരുമായ യൂത്ത് കോൺഗ്രസ് വിപ്ലവകാരികൾ ഒക്കെ റിവേഴ്സ് ഗിയറിലാണ് ഇപ്പോൾ പോകുന്നതെന്നറിയാമോ ?

ശ്രീ. കെ.വി. സുരേന്ദ്രനാഥ് : അങ്ങനെ പലതുമുണ്ട്. അങ്ങനെയുള്ള ആളുകളാണ് ഇപ്പോൾ അത് 60 ആക്കുന്നതിനുവേണ്ടി ശക്തിയുക്തം വാദിക്കുന്നതും അതിനുവേണ്ട ന്യായങ്ങൾ കണ്ടുപിടിക്കാൻ നടക്കുന്നതും.. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തിൻറെ നിലവാരത്തെ സംബന്ധിച്ചും അവിടെ നടക്കുന്ന ഗവേഷണത്തിൻറെ നിലവാരത്തെ സംബന്ധിച്ചും, അവിടത്തെ ടീച്ചിംഗിനെ സംബന്ധിച്ചുമൊന്നും ഞാൻ ഇപ്പോൾ പറയാൻ ഉദ്ദേശിക്കുന്നില്ല. അത് തേർഡ് റീഡിംഗിൻറെ സമയത്ത് പറയാം. പക്ഷേ ഇപ്പോൾ ഒരു കാര്യം പറയാതിരിക്കാൻ നിർവ്വാഹമില്ല. കാർഷിക യൂണിവേഴ്സിറ്റിയുടെ സ്ട്രക്ച്ചറും, കാർഷിക യൂണിവേഴ്സിറ്റിയുടെ ആകെയുള്ള സ്റ്റാഫിൻറെ ഘടനയും, (കേരള യൂണിവേഴ്സിറ്റി, കാലിക്കട്ട് യൂണിവേഴ്സിറ്റി തുടങ്ങിയവയിൽ പുതുതായി തുടങ്ങിയ ഗാന്ധിജി യൂണിവേഴ്സിറ്റിയെപ്പറ്റി എനിക്കറിയില്ല) വളരെ വിഭിന്നമാണ് എന്ന് ബഹുമാനപ്പെട്ട ഹസ്സൻ മനസ്സിലാക്കണം. ഇവിടെ ആകെയുള്ള സ്റ്റാഫ്—എൻറെ മാർഗ്ഗം ശരിയാണെങ്കിൽ കഴിഞ്ഞ തവണ അവർതന്ന കണക്കുവച്ച് പറയുകയാണ്, ചിലപ്പോൾ കുറച്ച് വ്യത്യാസം വന്നേക്കും—അതിൻറെ മൂന്നിലൊരു ഭാഗം, അതായത് 35 ശതമാനത്തിൽ കൂടുതൽ ആളുകൾ സീനിയർ പ്രൊഫസേഴ്സ് ആണ്. അവിടെ ഇന്നുള്ള സംവിധാനം അനുസരിച്ച് 12 കൊല്ലം ആയാൽ ട്യൂട്ടർ-ജൂനിയർ ലക്ചറർ അസിസ്റ്റൻറ് പ്രൊഫസർ എന്നാണ് അവരുടെ ഡെസിഗ്നേഷൻ. 12 കൊല്ലം കഴിഞ്ഞാൽ ആട്ടോമാറ്റിക്കായി അസിസ്റ്റൻറ് പ്രൊഫസേഴ്സ് ആകും. 16 കൊല്ലം കഴിഞ്ഞാൽ അസോസിയേറ് പ്രൊഫസറാകും. 22 കൊല്ലം കഴിഞ്ഞാൽ ഫുൾ പ്രൊഫസേഴ്സ് ആകും. ഇങ്ങനെയുള്ള ആളുകൾ നല്ലൊരു സംഖ്യയുണ്ട്. നമ്മുടെ ഗവൺമെൻറ് കോളേജുകളിൽ ഉള്ളതുപോലെ അവിടെ കേഡറും, നോൺകേഡറും പോസ്റ്റുകൾ എന്നുള്ള വ്യത്യാസമില്ല. ഈ പടവ്

LIBRARY ARCHIVES Kerala Legislative Assembly

കയറുന്നതിന് ഫലത്തിൽ വളരെ വളരെ നോമിനലായി മാത്രമായ അസസ്സ് മെൻറ് എന്നുപറയുന്ന ഒരു സമ്പ്രദായമാണ് ഉള്ളത്. അസസ്സ്മെൻറ് എന്നുപറയുന്നത് മനഃസാക്ഷിയെ തൃപ്തിപ്പെടുത്തുന്നതിനല്ല. കടലാസുകളാക്കി ശരിയാക്കി വയ്ക്കാൻ മാത്രമുള്ളതാണെന്നാണ് ടീച്ചിംഗ് സ്റ്റാഫിനെ സംബന്ധിച്ചിടത്തോളമുള്ളത്.

രണ്ടാമതായി അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി എന്നുപറയുന്ന സ്ഥാപനം കേരള യൂണിവേഴ്സിറ്റി പോലെയും, കാലിക്കട്ട് യൂണിവേഴ്സിറ്റി പോലെയുമല്ല പ്രവർത്തിക്കുന്നത്.

ശ്രീ. തോമസ് കല്ലമ്പള്ളി : അവിടെ ആവശ്യമുള്ള സ്റ്റാഫ് ഇപ്പോഴും ഇല്ല എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മി. സ്പീക്കർ : ശ്രീ. തോമസ് കല്ലമ്പള്ളി, അങ്ങ് ഭേദഗതിയൊന്നും കൊടുത്തില്ലായിരുന്നോ ? അങ്ങ് ഭേദഗതി കൊടുത്ത് കാര്യങ്ങൾ വിശദമായി പറയൂ. അങ്ങയുടെ ഭേദഗതി കാണുന്നില്ലല്ലോ ?

ശ്രീ. കെ.വി. സുരേന്ദ്രനാഥ് : അവിടെ ചില പ്രത്യേക സ്പെഷ്യാലിറ്റീസിൽ സ്റ്റാഫ് കുറവാണ് എന്നുള്ളത് സത്യമാണ്, അതെനിക്കറിയാം. അതേ സമയം വേറെ ചില രംഗങ്ങളിൽ സ്റ്റാഫ് സർപ്ലസാണ്. ഈയടുത്ത കാലത്തായി അവിടെ വന്നിറിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഭീഷണി വേൾഡ് ബാങ്കിൻെറ സഹായത്തോടുകൂടി നമ്മൾ ഇവിടെ കെ.എ.ഡി.പി. നടപ്പിലാക്കി. കെ.എ.ഡി.പി. നടപ്പാക്കിയത് ഇപ്പോൾ ഒപാടുന്നതെ വേൾഡ് ബാങ്ക് നിർത്തലാക്കി. അങ്ങനെ നിർത്തലാക്കിയപ്പോൾ പകുതിയായത്, മുക്കാലായത്, അങ്ങനെയുള്ള നിരവധി റിസർച്ച് പ്രോജക്ടുകൾ എന്തു ചെയ്യണമെന്നറിയാൻ കഴിയാതെ ആകാശത്ത് തുങ്ങുകയാണ്. അതിലേർപ്പെട്ടിരുന്ന റിസർച്ചേഴ്സ്, സയൻറിസ്റ്റ്സ് എല്ലാം Surplus ആയി ആവശ്യത്തിൽ കൂടുതലായി മാറിയിരിക്കുകയാണ്. അവരെ എവിടെ അക്കോമഡേറ്റ് ചെയ്യുമെന്നുള്ളത് ഒരു പ്രശ്നമായിരിക്കുകയാണ്. അങ്ങനെ ചില സ്ഥലങ്ങളിൽ സർപ്ലസും മറ്റു ചില സ്ഥലങ്ങളിൽ ഷോർട്ടേജും ഉണ്ട്. ഇത് മിക്കവാറും എല്ലാ കാർഷിക സർവ്വകലാശാലകളിലും ഇപ്പോഴുള്ള ഒരു സ്ഥിതിയാണ്. പഞ്ചാബ് യൂണിവേഴ്സിറ്റി തുടങ്ങി എല്ലാ യൂണിവേഴ്സിറ്റികളിലുമുള്ളതാണ്. ഐ. ആർ. എ. യിൽ ഉള്ളതായാണ് പറയുന്നത്. അതൊരു പ്രശ്നമായി പൊക്കിപ്പിടിച്ച് ഒരു തണലായി, ഉപയോഗിക്കരുതെന്നാണ് ബഹുമാനപ്പെട്ട കല്ലമ്പള്ളിയോട് എനിക്ക് പറയാനുള്ളത്. രണ്ടാമത്തെ പ്രശ്നം ഈ യൂണിവേഴ്സിറ്റികളിൽ കോഴ്സുകളുടെ സ്ട്രക്ച്ചർ തന്നെ മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്ന് വിഭിന്നമാണ്. പ്രീ-ഡിഗ്രി ഇവിടെയുണ്ട്. മറ്റ് യൂണിവേഴ്സിറ്റികളും നേരിട്ട് പ്രീ-ഡിഗ്രി കോഴ്സ് നടത്തുന്നില്ല. അഫിലിയേറ്റഡ് കോളേജുകളാണ് നടത്തുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഈ നിയമസഭാ വേദിയിൽ പ്രവേശിക്കാൻ സ്ത്രീകളെപ്പോലും അനുവദിക്കുന്നില്ല. ഈ ഗേറ്റ് അങ്ങയുടെ നിയന്ത്രണത്തിലാണ്. അവിടെ പോലീസ് നിന്ന്, സ്ത്രീകളെപ്പോലും തടയുന്നു. ഇതെന്താ പട്ടാളഭരണമാണോ ?

മി. സ്പീക്കർ : നിയമസഭയിൽ വരാൻ അർഹതപ്പെട്ട ആരേയും ആരും തടസ്സപ്പെടുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : രണ്ടാമതായി കേരള യൂണിവേഴ്സിറ്റിയും, കാലിക്കട്ട് യൂണിവേഴ്സിറ്റിയും ഡിപ്ലോമ കോഴ്സ് നേരിട്ട് നടത്തുന്നില്ല, അഫിലിയേറ്റഡ് കോളേജുകളാണ് അവ നടത്തുന്നത്. കാർഷിക സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം ഉള്ള പ്രത്യേകത ഇവർ നേരിട്ട് പ്രീ-ഡിഗ്രി കോഴ്സ് നടത്തുന്നുണ്ട്, സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നുണ്ട്, ഡിപ്ലോമ അതിനും അദ്ധ്യാപകരെ വച്ചിട്ടുണ്ട്. അതിനു വേണ്ടി നിയോഗിച്ചിട്ടുള്ള അദ്ധ്യാപകർക്കും 60 വയസ്സാക്കണമെന്നാണോ പറയുന്നത് ? അപ്പോൾ ലൈബ്രേറിയൻ, എല്ലാ ടീച്ചേഴ്സും, ഡയറക്ടേഴ്സും എല്ലാം ഈ 60 വയസ്സ് എന്ന കണക്കിൽപ്പെടും. വേണ്ടപ്പെട്ട നാലോ അഞ്ചോപേർക്ക് കൊടുക്കണമെങ്കിൽ അങ്ങനെ കൊടുത്താൽ പോരേ ? മുഴുവൻ ആളുകൾക്കും കൊടുക്കണോ ? അനേകായിരം ആളുകൾ തൊഴിലില്ലാതെ വലയുന്ന ഈ രാജ്യത്ത് ഇങ്ങനെയുള്ള ആളുകൾക്കുമാത്രം 60 വയസ്സാക്കി കൊടുക്കുന്നത് ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല, വിശദീകരണമർഹിക്കുന്നതല്ല. സർ, മറ്റൊരു പ്രശ്നം Normal age of retirement എന്ന പ്രയോഗമാണ്. Abnormal age of retirement ഉണ്ടോ ? എന്താണ് normal age of retirement ? ചിലർക്ക് അറുപത് അറുപത്തിരണ്ടാക്കാൻ വല്ല പദ്ധതിയും മനസ്സിൽ ഒളിഞ്ഞുകിടപ്പുണ്ടോ ? അറിയേണ്ട കാര്യമാണ്. നോർമലിന്റെ യാതൊരു ആവശ്യവും ഇല്ല. ഞാൻ ഇതൊന്നും ബഹുമാനപ്പെട്ട മന്ത്രി സുന്ദരൻ നാടാർ ഇതിലെഴുതിവച്ചു എന്നുള്ള അർത്ഥത്തിലല്ല പറയുന്നത്. ഇത് എഴുതിയതിന്റെ പശ്ചാത്തലം നേരത്തെ പറഞ്ഞല്ലോ. അതിന്റെ തുടർച്ചയായിട്ട് വല്ല റിസർവേഷനും കാൽക്കുലേഷനും വച്ചു കൊണ്ടാണ് എഴുതിയിരിക്കുന്നത് എന്നുള്ളത് ചൂണ്ടിക്കാണിക്കുവാൻ വേണ്ടിയാണ്. അതുപോലെ എല്ലാ ടീച്ചേഴ്സിനും, തവനൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ടെക്നോളജിയിൽ സർട്ടിഫിക്കറ്റ് കോഴ്സിനു പഠിപ്പിക്കുന്ന ആൾക്കുപോലും ഇതു കൊടുക്കുകയും അതേസമയം ഫുൾടൈം റിസർച്ച് ഓഫീസേഴ്സ് റിസർച്ച് അസിസ്റ്റൻസ്, റിസർച്ച് അസോസിയേറ്റ്സ് ഇവരെയൊന്നും ഇതിനകത്ത് പെടുത്താതിരിക്കുകയും ചെയ്യുന്നത് കടുത്ത അനീതിയാണ്. ഒരു കൂട്ടർക്ക് വാരിക്കോരിക്കൊടുക്കുക, അതുപോലെ കിട്ടേണ്ടവർക്ക് കൊടുക്കാതിരിക്കുക. ഇങ്ങനെ പലതരം വൈകല്യങ്ങൾ നിറഞ്ഞ ഈ ബിൽ യാതൊരു കാരണവശാലും സഭയുടെ അംഗീകാരം അർഹിക്കുന്നില്ല എന്നു മാത്രമല്ല പരിഗണനപോലും അർഹിക്കുന്നില്ല. അതുകൊണ്ട് ഈ ഓർഡിനൻസ് ഡിസ്അപ്രൂവ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ അനുകൂലിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ടു നടത്തിയ പ്രസ്താവനകൾ ഞാൻ ശ്രദ്ധിച്ചുകേൾക്കുകയായിരുന്നു. അദ്ദേഹം ഇപ്രകാരം ഒരു ബിൽ അവതരിപ്പിക്കുന്നതിനു മുമ്പു ഒരു ഓർഡിനൻസ്മൂലം ഈ പെൻഷൻപ്രായം ഉയർത്തിയില്ലെങ്കിൽ ഈ രാജ്യത്ത് എന്തെങ്കിലും സംഭവിക്കും എന്നുള്ള കാര്യം അദ്ദേഹത്തിന്റെ പ്രസ്താവനയിൽ കേൾക്കാൻ കഴിഞ്ഞില്ല. ഈ രാജ്യത്തെ തൊഴിലില്ലാത്ത ആളുകളുടെ പ്രശ്നങ്ങളെക്കുറിച്ചൊക്കെ എനിക്കു മുമ്പു സംസാരിച്ച ബഹുമാനപ്പെട്ട കെ. വി. സുരേന്ദ്രനാഥ് ഇവിടെ സൂചിപ്പിച്ചു. നാലര വർഷത്തിനു മുമ്പുണ്ടായിരുന്നതിനേക്കാളും എത്രയോ പതിനാലു ലക്ഷത്തിലേറെ ആളുകൾ തൊഴിലില്ലാത്തവരായി ഇന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. ഇന്നല്ലെങ്കിൽ നാളെ ഒരു തൊഴിലവസരം ലഭിക്കുമെന്നുള്ള വിശ്വാസത്തോടുകൂടെ

അവർ കാത്തിരിക്കുന്നു. ഉന്നത ബിരുദധാരികളും പോസ്റ്റ് ഗ്രാഡുവേറ്റ് കഴിഞ്ഞവരും വിദേശരാജ്യങ്ങളിൽ ചെന്ന് കോൺക്രീറ്റ് കുഴച്ചുകൊണ്ട് നടക്കുന്ന വിവരം നേരിട്ടു കണ്ടതായിട്ട് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുന്നത് ഞാനും കേട്ടിട്ടുണ്ട്. അങ്ങനെ തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ രൂക്ഷമായിരിക്കുന്ന ഒരു കാലഘട്ടത്തിൽ തൊഴിലവസരങ്ങൾ കൊട്ടിയടക്കുന്നതിനുവേണ്ടിയുള്ള ഇതുപോലുള്ള നിയമനിർമ്മാണങ്ങൾ നിരുൽസാഹപ്പെടുത്തേണ്ടതാണ്. അതുകൊണ്ട് ഇത് പിൻവലിക്കേണ്ടതാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരുപിടിയാളുകളെ ഉന്നത സ്ഥാനത്തു കയറ്റിയിരുത്തി ആരാധിക്കുന്നതിന്റെ പിന്നിലുള്ള ചേതോവികാരത്തെക്കുറിച്ച് ബഹുമാനപ്പെട്ട കെ. വി. സുരേന്ദ്രനാഥ് ഇവിടെ സൂചിപ്പിച്ചു.

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂവായിരം രൂപയ്ക്ക് മുകളിൽ ശമ്പളം വാങ്ങിക്കുന്ന ഡിപ്പാർട്ടുമെന്റ് തലവൻമാരെ മുഴുവനും അവർ റിട്ടയർ ചെയ്യാൻ സമയമായിയെങ്കിൽപ്പോലും അവരുടെ കുടുംബത്തിന്റെ പട്ടിണിയും ദാരിദ്ര്യവും കണക്കിലെടുത്ത് ഈ ഗവൺമെന്റ് റിട്ടയർ ചെയ്യാൻ അനുവദിക്കുന്നില്ല എന്ന വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. എസ്. ആർ. തങ്കരാജ് : ശരിയാണ്. ഈ സർക്കാർ ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ നടത്തുന്നത് റിട്ടയർമെന്റ് എത്തിനിൽക്കുന്ന ഏതാണ്ട് നാലായിരവും അതിലേറെയും ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥൻമാർക്കുവേണ്ടിയാണ്. അതാണ് ഈ സർക്കാരിന്റെ മുഖമുദ്ര. ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ നടത്തുന്നത് ഇങ്ങനെയുള്ള ഈ രാജ്യത്തെ വെളളാനകൾക്കുവേണ്ടിയാണ്. അവരെ നിലനിർത്തുകയെന്നുള്ളതിന് ദൃഢപ്രതിജ്ഞ ചെയ്തിട്ടുള്ള ഒരു സർക്കാർ എന്നുള്ള നിലയിൽ ഈ ഗവൺമെന്റ് മുമ്പോട്ടുപോകുകയാണ്. ഈ അടുത്ത കാലത്ത് റിട്ടയർ ചെയ്ത മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ ഡി. എച്ച്. എസ്. ന്റെ കാര്യം ഞാൻ ഉദാഹരണമായി പറയാം. അദ്ദേഹം സി. എച്ച്. എസ്. ആയി ഉയർന്നുവന്നപ്പോഴും അദ്ദേഹത്തിന്റെ കഴിവില്ലായ്മ കണക്കിലെടുത്ത് ഒന്നിലേറെ ഡി. എച്ച്. എസുകളെ നിയമിക്കുന്നതിന് നേതൃത്വം കൊടുത്ത ഒരു സർക്കാർ, ഇപ്പോൾ അദ്ദേഹം റിട്ടയർ ചെയ്തു കഴിഞ്ഞപ്പോൾ അദ്ദേഹത്തെ ഗവൺമെന്റിന്റെ അഡ്വൈസറായി മാറ്റിയിരിക്കുന്നു. ഡി. എച്ച്. എസ്. ആയി ഇപ്പോൾ വന്നയാളിന് ഓഫീസില്ല, ഫോണില്ല, കാറില്ല. ബഹുമാനപ്പെട്ട തച്ചടി ഇടപെട്ട് ഓഫീസ് വീണ്ടെടുത്തുകൊടുത്തു എന്നാണ് പറയുന്നത്. ഈ രീതിയിൽ ഉദ്യോഗസ്ഥൻമാരെ റിട്ടയർ ചെയ്യാൻ അനുവദിക്കുന്നില്ല. തൊഴിലവസരം കാത്തുകഴിയുന്ന ചെറുപ്പക്കാർക്ക് അതെന്താണെന്ന് കാണാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം ഈ സംസ്ഥാനത്തല്ലാതെ മറ്റ് എവിടെയാണുള്ളത്.

കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ പി. എസ്. സി. വിജ്ഞാപനം അനുസരിച്ച് എത്ര ആളുകളെയാണ് സർക്കാർ സർവ്വീസിലേക്ക് എടുത്തിട്ടുള്ളത് എന്നും ഈ കാലയളവിൽ റിട്ടയർ ചെയ്തിട്ടുള്ള ആളുകൾ എത്രയാണെന്നും ചോദിച്ചുകൊണ്ടുള്ള ചോദ്യത്തിന് 'വിവരം ശേഖരിച്ചു വരുന്നു' എന്നാണ് മറുപടി. അതിന്റെ വിവരമെടുക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ഓരോ വർഷവും ഓരോ മാസവും 30, 31 തീയതികൾ വരുമെന്നുണ്ടെങ്കിൽ റിട്ടയർമെന്റ് എത്രയാണെന്ന് കണക്കാക്കുന്നുണ്ട്. ആ റിട്ടയർമെന്റ് വേക്കൻസികൾ ഫില്ല് ചെയ്യുവാനും തയ്യാറില്ല. രാജ്യത്തെ അനേകലക്ഷ-

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെക്കൊണ്ട് അപേക്ഷ കൊടുപ്പിക്കും. അപേക്ഷ കൊടുപ്പിച്ചതിനു ശേഷം മൂന്നുനാലുവർഷം കഴിഞ്ഞു ഒരു ടെസ്റ്റ് നടത്തും. ആ ടെസ്റ്റിന്റെ കൂട്ടത്തിലുള്ള സംഭവങ്ങൾ ബഹുമാനപ്പെട്ട ചെയറിന് അറിയാവുന്നതാണ്. എത്ര തവണ ഇവിടെ ചോദ്യപേപ്പറുകൾ ചോർച്ചയുണ്ടായി ? അതു കഴിഞ്ഞു രണ്ടുവർഷം കഴിഞ്ഞതിനുശേഷം ഒരു ഇൻറർവ്യൂ നടത്തി ലിസ്റ്റ് പബ്ലിഷ് ചെയ്തു കഴിഞ്ഞാൽ ഒരു ജോലിക്കുവേണ്ടി രണ്ടുമൂന്നു വർഷങ്ങൾ പിന്നെയും കാത്തുകാത്തിരിക്കുകയാണ്. മഴ പെയ്യുന്നതിനുവേണ്ടി വേഴാമ്പൽ കാത്തിരിക്കുന്നുവെന്നു നമ്മൾ ശൈലിയായി പ്രയോഗിക്കുന്നുണ്ട് എങ്കിലും അക്ഷരാർത്ഥത്തിൽ ഇത് യാഥാർത്ഥ്യമായിട്ടുള്ളത് നമ്മുടെ സംസ്ഥാനത്താണ്. വൻതോക്കുകളെ സർവ്വീസിൽ വച്ചുകൊണ്ടിരിക്കണമെന്ന് ഈ സർക്കാരിന് ഇത്ര നിർബന്ധം എന്താണ്? ഈ രാജ്യത്തെ ചെറുപ്പക്കാരോട് അൽപ്പമെങ്കിലും സ്നേഹവും ബഹുമാനവും തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കണം എന്നുള്ള ആഗ്രഹവും ഈ സർക്കാരിന് ഉണ്ടായിരുന്നുവെങ്കിൽ മറ്റ് യൂണിവേഴ്സിറ്റികളെ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ ഉള്ളതുപോലെ ഏകീകരിച്ച് 55 വയസ്സാക്കി കുറച്ചാൽ മതിയായിരുന്നു. അല്ലാതെ 60 വയസ്സാക്കി ഉയർത്തുകയല്ല വേണ്ടത്. ഇപ്രകാരം 1984-ൽ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുമ്പോൾ ഈ ഉദ്യോഗസ്ഥൻമാരുടെ സേവനം തുടർന്നും കിട്ടിയില്ലെങ്കിൽ അന്നിരുന്ന കുറെയാളുകളെ പ്രതിഷ്ഠിക്കാൻ വേണ്ടിയാണല്ലോ ഇതു പുറപ്പെടുവിച്ചത്, ഈ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറിന് കിട്ടിയില്ലെങ്കിൽ എന്തു സംഭവിക്കും എന്നുള്ളത് പറയേണ്ട സാദ്ധ്യത കൂടിയുണ്ടായിരുന്നു.

ശ്രീ. തോമസ് കല്ലംപള്ളി : സർ, വൈസ് ചാൻസലർ, പ്രൊ. വൈസ് ചാൻസലർ എന്നിവരുടേത് 55-ൽ നിർത്തുകയും ഉദ്യോഗസ്ഥൻമാരുടെ റിട്ടയർമെൻറ് വയസ്സ് 60-ൽ നിറുത്തുകയും ചെയ്യുന്നത് ഒരു വിരോധാഭാസമല്ലേ ?

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, അത് വിരോധാഭാസം എന്നു മാത്രമല്ല വിരോധാഭാസം മാത്രം നിറഞ്ഞ ഒരു സർക്കാരിനോട് ഒരു കാര്യം മാത്രം വിരോധാഭാസം എന്നു നമ്മൾ ചൂണ്ടിക്കാണിച്ചിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട കല്ലംപള്ളിയെപ്പോലുള്ള ചെറുപ്പക്കാർ ഇതിനെതിരായിട്ട് ശക്തമായി വാദിക്കുകയും ഇതിന് പരിഹാരം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്.

ശ്രീ കെ. കൃഷ്ണൻകുട്ടി : ഈ ബിൽ അവതരിപ്പിക്കാൻവേണ്ടി അനുമതി കൊടുത്ത ക്യാബിനറ്റിൽ ശ്രീ. രമേശ് ചെന്നിത്തലയുമുണ്ടായിരുന്നു. യൂത്ത് കോൺഗ്രസ് പ്രസിഡൻറുകൂടിയായ അദ്ദേഹം ഇതിൽ പ്രതിഷേധിച്ച് മുഖ്യമന്ത്രിയുടെ കൈയിൽ രാജിക്കത്തു കൊടുത്തു എന്ന്, കേൾക്കുന്നത് ശരിയാണോ ?

ശ്രീ. എസ്. ആർ. തങ്കരാജ് : ഈ രാജ്യത്തെ മുഴുവൻ ചെറുപ്പക്കാരുടേയും വികാരം അദ്ദേഹം പ്രകടിപ്പിച്ചതാണ്. ഇങ്ങനെ പ്രായാധിക്യമുള്ള മുഴുവൻ ആളുകളെയും സർവ്വീസിൽ വച്ചുകൊണ്ടിരുന്നാൽ അതിനെ മന്ത്രിമാരൊഴികെയുള്ള ആളുകളും എതിർക്കും. ഇവർ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാൻവേണ്ടി വാദിക്കുന്നവരാണ്. ഈ രാജ്യത്തെ ജനങ്ങളുടെ വികാരം

11 a.m.]

LIBRARY ARCHIVES Kerala Legislative Assembly

കാണാൻ അവർക്ക് കഴിയുന്നില്ല. ശ്രീ. കെ. വി. സുരേന്ദ്രനാഥ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഫൈനാൻഷ്യൽ സ്റ്റേറ്റുമെന്റിൽ സഞ്ചിത പദ്ധതിയിൽനിന്നും ഒരു പൈസപോലും ചെലവാക്കില്ലെന്നു പറയുമ്പോഴും ഓരോ വർഷവും ഇവർക്ക് ഇതിനുവേണ്ടി കൊടുക്കേണ്ടിവരുന്ന ഇൻക്രിമെന്റിനും മറ്റു കൂടുതൽ ബാദ്ധ്യതകൾക്കുമൊക്കെ ഏത് നിധിയിൽനിന്നും എടുക്കുമെന്നുകൂടി പറയേണ്ട ബാദ്ധ്യതയുണ്ട്. അതിൽ നിന്നു പിൻമാറിയിരിക്കുകയാണ്. ഏതു നിലയിൽ നോക്കിയാലും ഈ രാജ്യത്തെ മുഴുവൻ ചെറുപ്പക്കാരുടേയും ഭാവിയെ ആശങ്കയിൽ എത്തിച്ചുകൊണ്ട് ഇപ്രകാരം ഒരു ബിൽ അവതരിപ്പിക്കാൻ അവർക്ക് അർഹതയില്ല, അതുകൊണ്ട് ഈ അവതരണത്തിൽനിന്ന് പിൻമാറണം. ഇതിനു മുമ്പുണ്ടായിരുന്ന മൂലനിയമമനുസരിച്ച് കേരളത്തിലെ മുഴുവൻ സർവ്വകലാശാലകളിലെയും വയസ്സ് ഏകീകരിക്കണം. ഇതുപോലെ ഒരുപിടി ഉദ്യോഗസ്ഥൻമാർ മാത്രം അറുപതു വയസ്സുവരെ ഈ രാജ്യത്ത് വേതനം അനുഭവിക്കാമെങ്കിൽ താഴെ അറ്റംവരെയുള്ള മുഴുവൻ ആളുകൾക്കും ആ അവകാശം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ അല്ലെങ്കിൽ ചെറുപ്പക്കാരുടെ വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അൻപത്തിയഞ്ചു വയസ് നിലനിർത്തുന്നതിനുവേണ്ടി ഈ ഓർഡിനൻസ് നിരാകരിക്കുകയോ ചെയ്യണം.

ശ്രീ. കെ. ജെ. ജോർജ് : സർ, 1986-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 1986 ഡിസംബർ 31 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും മറ്റു സർവ്വകലാശാലകളിലുള്ളതുപോലെ റിട്ടയർമെന്റ് വയസ്സ് കാർഷിക സർവ്വകലാശാലയിലും അറുപതായി ഉയർത്തണമെന്നുള്ളതാണ് പ്രധാനമായി പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് മാതൃകാപരമായി ഭരിക്കുന്നുവെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു സർക്കാരാണ് ഭരിക്കുന്നത്. എനിക്ക് ഒരു കാര്യം നിർദ്ദേശിക്കുവാനുള്ളത്, അവർ ഒരു നല്ല കാര്യം ചെയ്യാൻ പുറപ്പെടുകയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തുള്ള മറ്റു സർവ്വകലാശാലകളിലും റിട്ടയർമെന്റ് വയസ്സ് അൻപത്തിയഞ്ചാക്കി ചുരുക്കി മാതൃക കാട്ടണമെന്നാണ്.

നമ്മുടെ സംസ്ഥാനത്തെ നിരവധി യുവതീയുവാക്കൾ ജോലിയില്ലാതെ നട്ടംതിരിയുകയാണ്. ഇവിടെ യൂത്ത് കോൺഗ്രസ്സുകാരുടെ കാര്യം പറഞ്ഞു. ഇന്നലത്തെ യൂത്തു കോൺഗ്രസ്സുകാരുടെ ജാഥയിൽപ്പോലും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കണമെന്നുള്ളതായിരുന്നു ഒരു മുദ്രാവാക്യമായി കേട്തത്. ജാഥ കഴിയുന്നതുവരെ നിന്നുകാണുകയും കേൾക്കുകയും ചെയ്ത ആളാണ് ഞാൻ. ഇതിനൊക്കെ നേതൃത്വം കൊടുക്കുന്ന ശ്രീ. രമേശ് ചെന്നിത്തലയെപ്പോലുള്ള യൂത്ത് കോൺഗ്രസ് പ്രസിഡണ്ടുമാർ ഇവിടെ മന്ത്രിസ്ഥാനത്തിരിക്കുകയാണ്. ഒരു കാലത്ത് അവർ ഏകകക്ഷിഭരണത്തെക്കുറിച്ച് പറഞ്ഞതാണ്. അങ്ങനെ ഏകകക്ഷി ഭരണം വേണമെന്നു പറഞ്ഞ ശ്രീ. രമേശ് ചെന്നിത്തല ഒരു മുന്നണിയിലെ മന്ത്രിസ്ഥാനത്ത് ഇന്ന് ഇരിക്കുകയാണ്. യൂത്ത് കോൺഗ്രസ്സുകാർ ഇന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയല്ലാതെ, അവർക്ക് കാര്യങ്ങൾ നേടിക്കൊടുക്കുകയോ, അവർക്കാവശ്യമായ പരിപാടികൾ ഉണ്ടാക്കിക്കൊടുക്കുകയോ അല്ല ഇവിടെ ചെയ്യുന്നത്. ലക്ഷക്കണക്കിന് യുവതീയുവാക്കൾ ജോലിയില്ലാതെ നമ്മുടെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തു കെട്ടിക്കിടക്കുകയാണ്. പി. എസ്. സി. യിൽ

LIBRARY ARCHIVES Kerala Legislative Assembly

നിരവധി ലിസ്റ്റുകളുള്ളതിൽനിന്ന് ഒരാളെപ്പോലുമെടുക്കാതെ ഇന്ന് ചെലവ് ചുരുക്കുന്ന പരിപാടികളായ കമ്പ്യൂട്ടറൈസേഷനും മെക്കനൈസേഷനുമൊക്കെ നടപ്പിലാക്കുകയാണ്. അതിന്റെ ഫലമായിട്ട് ഇവിടത്തെ തൊഴിലവസരങ്ങൾ ചുരുങ്ങുന്ന സന്ദർഭമാണല്ലോ ഇത്. ആ സന്ദർഭത്തിന് മാറ്റുരയ്ക്കുന്നത് 1984-ൽ നടപ്പിലാക്കിയ ഓർഡിനൻസാണ്. ഓർഡിനൻസ് ഇറക്കുമ്പോൾ അതിന് പ്രായോഗികമായ ആവശ്യം വേണം. കാർഷികസർവ്വകലാശാലയിൽ കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കാത്ത ഒരു സാഹചര്യമുണ്ടെങ്കിൽ അത് നമുക്ക് മനസ്സിലാക്കാമായിരുന്നു. എന്നാൽ അവിടെ അങ്ങനെയൊരു സാഹചര്യമില്ല. ഉന്നത വിദ്യാഭ്യാസമുള്ള, ഇതിനു വേണ്ട എക്സപെർട്ടായിട്ടുള്ള ആളുകൾ അവിടെയുണ്ട്. പക്ഷേ അവിടെ എന്തുണ്ടായി ? ചിലരുടെ സ്വാധീനംകൊണ്ട് എറണാകുളത്തെ ഇപ്പോഴത്തെ എം. പി.യായ ശ്രീ. കെ. വി. തോമസ്സിന്റെ അനുജന്റെ സ്വാധീനം ഉപയോഗിച്ചുകൊണ്ട്, മുഖ്യമന്ത്രി സ്വാധീനം ചെലുത്തിക്കൊണ്ടാണ് ഈ ഓർഡിനൻസ് ഇറക്കിയിട്ടുള്ളത്. ശ്രീ. കെ. വി. തോമസ്, എം.പി.യുടെ അനുജനുവേണ്ടി ചെയ്ത ഒരു സമ്മർദ്ദരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലാണ് കാർഷിക യൂണിവേഴ്സിറ്റിയിൽ ഇങ്ങനെ ഒരു നിയമം വരാനിടയായത്. ഇവിടെ ബഹുമാന്യനായ മന്ത്രി അവതരിപ്പിച്ചുവെങ്കിലും അദ്ദേഹത്തിന്റെ മുമ്പിലുണ്ടായിരുന്ന മന്ത്രിയാണ് ചുക്കാൻ പിടിച്ചത്. ഇന്ന് അദ്ദേഹം മാറി. ഇപ്പോൾ ശ്രീ. സുന്ദരം നാടാരാണ് ഭരിക്കുന്നത്. അദ്ദേഹത്തിന് ഇതിനെക്കുറിച്ച് വലിയ കാര്യങ്ങളൊന്നും അറിയില്ല. എങ്കിലും ഇന്ന് തൃശ്ശൂരിലെയും വെള്ളാനിക്കരയിലെയും കാർഷിക യൂണിവേഴ്സിറ്റിയിലും പരിസരപ്രദേശങ്ങളിലും ഇതൊരു പാട്ടാണ്. ഇതു വളരെ തുറന്ന ഒരു സത്യമാണ്. ലക്ഷക്കണക്കിന് രൂപ കിഴികെട്ടിക്കൊണ്ടു കൊടുത്ത ചില കാര്യങ്ങളെക്കുറിച്ച് ഇവിടെ ശ്രീ. സുരേന്ദ്രനാഥ് പറയുകയുണ്ടായി. അതിന്റെ ഏജന്ററായിട്ട് പ്രവർത്തിച്ച ചില ആളുകളിവിടെയുണ്ട്. അതിനൊക്കെ കൂടപിടിച്ചു നടക്കുന്ന യൂത്തു കോൺഗ്രസ്സുകാരെക്കുറിച്ച് ഞാനെന്തു പറയാൻ ? യൂത്ത് കോൺഗ്രസ്സുകാരെക്കുറിച്ച് ഞാൻ ലജ്ജിച്ചു തലതാഴ്ത്തുകയല്ലാതെ എന്തുചെയ്യാൻ ? എന്റെ ചെറുപ്പകാലത്ത് ഞാൻ യൂത്തുകോൺഗ്രസ്സ് പ്രവർത്തകനായിരുന്നു. ഇന്ന് ഞാൻ അതിൽ ലജ്ജിച്ചുപോകുകയാണ്. ശ്രീ. രമേശ് ചെന്നിത്തലയെപ്പോലുള്ള പ്രസിഡണ്ടുമാർ നേതൃത്വം നൽകുന്ന കേരള യൂത്തു കോൺഗ്രസ്സുകാരിൽത്തന്നെ ഇങ്ങനെയൊക്കെ നടക്കുന്നുണ്ടെങ്കിൽ അത് വളരെയധികം ലജ്ജാകരമായിട്ടാണ് കാണുന്നത്.

സർ, സാമ്പത്തിക ബാദ്ധ്യതയെക്കുറിച്ച് പറഞ്ഞു. ഈ നിയമംകൊണ്ട് ഒരു പൈസപോലും സാമ്പത്തിക ബാദ്ധ്യത വരില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ തറപ്പിച്ചു പറഞ്ഞു. അഞ്ചുകൊല്ലംകൊണ്ട് ജീവനക്കാരുടെ ഇൻക്രിമെന്റ് വർദ്ധിക്കില്ലേ ? അഞ്ചുകൊല്ലം കൂടുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ശമ്പളകമ്മീഷൻ നടപ്പിലാക്കാറുണ്ട്. അതിന്റെ ഇംപ്ലിക്കേഷൻ വരില്ലേ? അതുപോലെ ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട്, പെൻഷൻ ആനുകൂല്യങ്ങൾ ഇതൊക്കെ വരുമ്പോൾ ഇന്ന് 3,500 രൂപ ശമ്പളം വാങ്ങുന്ന ഒരുദ്യോഗസ്ഥൻ അഞ്ചുകൊല്ലം കഴിഞ്ഞ് റിട്ടയർ ചെയ്യുമ്പോൾ എത്ര സംഖ്യയായി വർദ്ധിക്കുമെന്നുള്ളത് ഒന്നാലോചിച്ചുനോക്കേണ്ടേ ? ഇതിന്റെ ഫൈനാൻഷ്യൽ ഇംപ്ലിക്കേഷൻ എന്നു പറഞ്ഞാൽ കോടിക്കണക്കിന് രൂപയുടെ ഇംപ്ലിക്കേഷൻ ഇതിലുണ്ട്. പക്ഷേ ബോധപൂർവ്വം ഈ നിയമസഭയിൽ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു പരിശ്രമം നടത്തിയിരിക്കുകയാണ്. അതിന്റെ പിന്നിലുള്ള ശക്തികളെ ഒഴിവാക്കുക എന്ന മുഖ്യലക്ഷ്യവുമായിട്ടാണ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു കാര്യം എനിക്ക് പറയുവാനുള്ളത്, ഒരു കാലത്ത് ശ്രീ. എ. കെ. ആൻറണിയൊക്കെ വാതോരാതെ പ്രസംഗിച്ച കാര്യമാണ്. റിട്ടയർമെൻറ് വയസ്സ് അൻപത്തിയെട്ട് എന്നുള്ളത് അൻപത്തിയഞ്ചാക്കി മാറ്റുക എന്നുള്ളത്. ഇന്ന് കേന്ദ്ര ഗവൺമെൻറിൽ അൻപത്തിയെട്ടു വയസ്സാണ് റിട്ടയർമെൻറ് വയസ്സായി വച്ചിരിക്കുന്നത്. ഇതിനെ പുച്ഛിച്ചുതള്ളി. വളരെയധികം ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടുമെന്നു കണ്ടുകൊണ്ട് ശ്രീ. എ. കെ. ആൻറണിയെപ്പോലുള്ളവർ അതിനെ അൻപത്തിയഞ്ച് വയസ്സാക്കി കുറച്ചു.

1971-ൽ ഈ നിയമം പാസ്സാക്കുമ്പോൾ അൻപത്തിയഞ്ചു വയസ്സു വേണമെന്ന നിഷ്കർഷയോടുകൂടിയാണ് പാസ്സാക്കിയത്. പക്ഷേ ഇന്ന് ആ നിയമത്തിന് ഭേദഗതി വരുത്തുവാനുള്ള കാരണമെന്താണ് ? ചിലരുടെ സ്വാധീനങ്ങൾക്ക്. അടിമപ്പെട്ടുകൊണ്ട്, ലക്ഷക്കണക്കിന് രൂപയുടെ കിഴിക്കെട്ടു വരുമ്പോൾ, അതിനെ സ്വീകരിച്ചുകൊണ്ട്, ചിലരുടെ സമീപനങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് പിന്നെയും ഭേദഗതികൾ വരുത്തുന്നത്. എനിക്ക് ഇക്കാര്യത്തിൽ ഒരു സംശയമുണ്ട്. ഇന്ന് മറ്റു മൂന്ന് യൂണിവേഴ്സിറ്റികളിലും റിട്ടയർമെൻറ് വയസ്സ് 58 ആയതുകൊണ്ട് കാർഷിക യൂണിവേഴ്സിറ്റിയിലും നടപ്പിലാക്കാൻ പോകുന്നുവെന്നാണ് പറഞ്ഞത്. അപ്പോൾ നാളെ സ്വയംഭരണസ്ഥാപനങ്ങളെന്നു പറയുന്ന ഇലക്ട്രിസിറ്റി ബോർഡ്, ട്രാൻസ്പോർട്ട് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലും അവരുടെ സ്വയംഭരണാധികാരം ഉപയോഗിച്ചുകൊണ്ട് ഇതൊക്കെ മാറ്റി മറിക്കണമെന്നു പറഞ്ഞാൽ ഈ ഗവൺമെൻറ് എന്തു ചെയ്യും ? ഈ ഗവൺമെൻറ് അതിന് കൂടച്ചൂടി, ഈ സംസ്ഥാനത്തെ 88 കോർപ്പറേഷനുകളിലും ബോർഡിലുമൊക്കെ റിട്ടയർമെൻറ് വയസ്സ് അറുപതാക്കിയാൽ ഈ സംസ്ഥാനത്തെ യുവതീയുവാക്കൾക്ക് ഇവിടെ ജോലിയുണ്ടാകുമോ ? എനിക്ക് പറയുവാനുള്ളത് റിട്ടയർമെൻറ് വയസ്സ് അൻപത്തിയഞ്ചിൽ നിന്ന് കൂട്ടരുത്. മറ്റു യൂണിവേഴ്സിറ്റികളിലും അൻപത്തിയഞ്ചു വയസ്സാക്കി കുറച്ചുകൊണ്ട് മാതൃകാപരമായിട്ടുള്ള ഒരു സമീപനം കൈക്കൊള്ളണം. പഠിച്ചു പാസ്സായി വരുന്ന ചെറുപ്പക്കാർക്ക് ജോലി കിട്ടാനുള്ള അവസരങ്ങൾ നഷ്ടപ്പെടാതെ അവർക്ക് ജോലിക്കുള്ള അവസരങ്ങൾ സൃഷ്ടിക്കണം. ഈ പ്രശ്നത്തിന് അങ്ങനെ പരിഹാരം കാണണമെന്ന് പറഞ്ഞുകൊണ്ട് ഞാനെൻറെ ഭേദഗതി അവതരിപ്പിക്കുന്നു.

Shri V.K. Rajan : Sir, I move that the Kerala Agricultural University (Amendment) Bill, 1986 be referred to a Select Committee.

ഈ ഗവൺമെൻറ് ജനാധിപത്യ വിശ്വാസമില്ലാത്ത ഒരു ഗവൺമെൻറാണ്. കാരണം ഇന്നലെ ഒരു ഔദ്യോഗിക ബിൽ രണ്ടു പ്രാവശ്യം പരാജയപ്പെട്ടു. പ്രതിപക്ഷം പറഞ്ഞ ഭേദഗതികൾ അംഗീകരിച്ചു. മാനവും മര്യാദയും ജനാധിപത്യ മൂല്യങ്ങളിൽ വിശ്വാസവും ഉണ്ടെങ്കിൽ, ഇന്ന് ഈ നിയമസഭ തുടരണമെങ്കിൽ ആദ്യം ഈ നിയമസഭയിൽ വിശ്വാസ വോട്ട് തേടണമായിരുന്നു.

ശ്രീ. എ. വി. താമരാക്ഷൻ : ഒരു ഫൈനാൻസ് ബിൽ പരാജയപ്പെട്ടു കഴിഞ്ഞാൽ അത് ഗവൺമെൻറിനു എതിരെയുള്ള അവിശ്വാസമാണെന്നുള്ള നിലയിൽ ഈ ഗവൺമെൻറ് രാജി വയ്ക്കേണ്ടതാണ്. അതുപോലെ അതിനു തുല്യമായിട്ട് ഗവൺമെൻറിൻറെ ഭാഗത്തുനിന്ന് ഔദ്യോഗിക ബിൽ പരാജയപ്പെട്ടുകഴിഞ്ഞാൽ ധാർമ്മികമായി ഈ ഗവൺമെൻറിനു തുടരാൻ അവകാശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ : ധാർമ്മികമായി ഈ ഗവൺമെൻറിന് തുടരാൻ അവകാശമില്ല. വിശ്വാസം തേടേണ്ടതായിരുന്നു, ശ്രീ. കെ. കരുണാകരൻ അത് തേടുകയില്ലെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഈ നിയമം കൊണ്ടുവന്നിരിക്കുന്നത് ശ്രീ. എൻ. സുന്ദരൻ നാടാരാണ്. അദ്ദേഹം മാണെങ്കിൽ പാറശ്ശാല ചെക്പോസ്റ്റിൽ ഇന്നലയോ മിനിഞ്ഞാന്നോ ഒരു ഉദ്യോഗസ്ഥൻ കള്ളു കുടിച്ചുവെന്ന് പറഞ്ഞ് പോലീസ് സ്റ്റേഷനിൽ വിളിച്ചുപറഞ്ഞ കാര്യം എല്ലാവർക്കും ഓർമ്മയുണ്ടല്ലോ ? അദ്ദേഹം കാറിൽ ഒരു ലൈറ്റു മാത്രം ഇട്ടുകൊണ്ടാണ് പോയത്. എന്നിട്ട് ആ ഉദ്യോഗസ്ഥൻ മദ്യപിച്ചിട്ടില്ലെന്ന് ഡോക്ടറുടെ ഒരു സർട്ടിഫിക്കറ്റും ഉണ്ടായിരുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, ഇത് അടിസ്ഥാന രഹിതമായ അഭിപ്രായമാണ്. അത് പിൻവലിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീ. വി. കെ. രാജൻ : ഇത് പിൻവലിക്കേണ്ട കാര്യമില്ല. പത്രങ്ങളിലൊക്കെ വന്നതാണ്. അങ്ങും ഇത് വായിച്ചുകാണും. ആ ഉദ്യോഗസ്ഥൻ മദ്യപിച്ചിട്ടില്ലെന്ന് ഡോക്ടർ ഒരു സർട്ടിഫിക്കറ്റും കൊടുത്തു. ഞാൻ ഇത് പറയുന്നത്, ശ്രീ. സുന്ദരം നാടാർക്ക് ഇത് കൊണ്ടുവരാം. ശ്രീ. കരുണാകരന് അനുയോജ്യനായ ശിഷ്യൻ എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഇതു കൊണ്ടുവരുന്നതിന് വിരോധമില്ല. ഞാൻ ജനാധിപത്യത്തിന്റെ പൊയ്മുഖം തുറന്നുകാണിക്കുകയാണ്. ഇവിടെ കാർഷിക സർവ്വകലാശാല ഫാക്കൽറ്റി ഡീൻമാരുടേയും സ്റ്റുഡൻറ് വെൽഫയർ ഡയറക്ടറുടെയും റിസർച്ച് ഡയറക്ടറുടെയും എക്സ്റ്റൻഷൻ ഡയറക്ടറുടെയും ലൈബ്രേറിയന്റെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം 55-ൽ നിന്ന് 60 വയസ്സായി. മാറുന്ന നിയമം ഇവിടെ കൊണ്ടുവരുന്നതിന് ഏഴു പ്രാവശ്യം ഓർഡിനൻസ് പുറപ്പെടുവിച്ചു. ഇത് അഴിമതിയുടെ നിറവും മണവുമുള്ള ഒരു ബില്ലാണ്. അതാണ് ഈ ബില്ലിന്റെ പ്രത്യേകത. ഇത്രയും ധൃതി പിടിച്ച് ഇത് പാസ്സാക്കണമെന്ന് പറയുന്നതിന്റെ ഉദ്ദേശമെന്താണ്? ഇവിടെ പത്തുനാൽപ്പതു ഓർഡിനൻസുകളും ബിൽ ആക്കാനുള്ളതാണ്. കാർഷിക സർവ്വകലാശാലയുടെ സംവിധാന ഗതികളെക്കുറിച്ച് എന്നെക്കാൾ അങ്ങേക്ക് അറിവുള്ളതാണല്ലോ ? പല പ്രാവശ്യം അവിടെ പോയി പല പരിപാടികളിലും പങ്കെടുത്തിട്ടുണ്ട്. അവിടെ ജീവനക്കാരുടെ പ്രശ്നങ്ങളും, അദ്ധ്യാപകരുടെ പ്രശ്നങ്ങളും, കാർഷിക സർവ്വകലാശാല എന്ന അടിസ്ഥാനത്തിലുള്ള യാതൊരു പ്രവർത്തനവും നടക്കാത്ത ഒരു സാങ്കേതമായി മാറിയിരിക്കുകയാണ്. അത് അങ്ങനെ മാറിയെന്നു പറയുന്നതിൽ വലിയ അത്ഭുതമൊന്നുമില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്, നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണോ കാർഷിക മേഖല ? ഇൻഡ്യയിൽ മറ്റു സംസ്ഥാനങ്ങളിലും അന്തർദേശീയ തലങ്ങളിലുമെല്ലാം പുതിയ പുതിയ കൃഷി സമ്പ്രദായങ്ങളും നടപടികളും അതിന്റെ ഫലമായി നേട്ടങ്ങളും ഉണ്ടായിട്ടില്ലേ ? നമ്മുടെ സംസ്ഥാനത്ത് അത് അഭിവൃദ്ധിപ്പെടുത്താൻ മുഖ്യമന്ത്രി ആഗ്രഹിച്ചോ ? എനിക്ക് വളരെ ബഹുമാന്യനായ മന്ത്രിയാണ് ശ്രീ. എ. എൽ. ജേക്കബ്. ഇത്രയും പ്രധാനപ്പെട്ട വകുപ്പ് മുഖ്യമന്ത്രി ഏൽപ്പിച്ചിരുന്നത് ശ്രീ. എ. എൽ. ജേക്കബിനെയാണ്. രണ്ടാമത് ഏൽപ്പിച്ചത് ശ്രീ. എൻ. സുന്ദരൻ നാടാരെയും. ഇവർ പറഞ്ഞാൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ അനുസരിക്കുമോ ? കാർഷിക സർവ്വകലാശാല വൈസ് ചാൻസലറായ മാധവമേനോൻ അങ്ങേക്കു അറിയാവുന്ന ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ സ്ഥിരം പണിയെപ്പറ്റി ഞാൻ പറയുന്നില്ല. അദ്ദേഹത്തിന്റെ ജോലി സമയത്തും ആഫീസ് സമയത്തും നടക്കുന്നത് എന്താണെന്ന് ശ്രീ. രാഘവൻ പൊഴക്കടവിന് അറിയാം. അദ്ദേഹത്തിന്റെ യൂണിയനിലെ ആളുകളും സി.ഐ.ടി.യു.വിലെ ആളുകളുമെല്ലാം അക്കമിട്ട് നിരത്തിവച്ച കാര്യങ്ങളുണ്ട്. അതൊക്കെ അശ്ലീലമായതുകൊണ്ട് ഞാൻ പറയുന്നില്ല. കൃഷിയുടെ അഭിവൃദ്ധിക്ക് നിദാനമായ ഒരു കാര്യവും അവിടെ നടക്കുന്നില്ല. അങ്ങനെയുള്ള കാര്യങ്ങളും നടക്കണമെന്ന് ഈ ഗവൺമെന്റിനു ആഗ്രഹമുണ്ടോ? കൃഷിക്കാരുടെ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ വേണ്ടി കർഷക സംഘടന ഇപ്പോഴും നിരാഹാരം കിടക്കുകയാണ്.

ശ്രീ. സി. കെ. തങ്കപ്പൻ : കാർഷിക രംഗത്ത് ഇപ്പോഴും ഫലപ്രദമായി അഭിവൃദ്ധിക്കുള്ള കാര്യങ്ങളും ഒന്നും നടക്കുന്നില്ല. അത് നടക്കാതിരിക്കുന്നത് മുഖ്യമന്ത്രിയുടെ മനസ്സിലിരിപ്പുപോലെ തന്നെ കാർഷിക വകുപ്പും പലരുടെയും കയ്യിൽ സഞ്ചരിക്കുന്ന ഒരു മൊബൈൽ വകുപ്പായതുകൊണ്ടാണെന്നുള്ള കാര്യം അറിഞ്ഞിരിക്കുമോ ?

ശ്രീ. വി. കെ. രാജൻ : മൊബൈൽ ആണെങ്കിൽ നമുക്ക് കുറച്ച് നന്നാക്കാം. പക്ഷേ അതിന് കഴിവുള്ള ആളുകളെ അത് ഏൽപ്പിക്കുന്നില്ല. നമ്മുടെ ഇൻഡ്യയിൽത്തന്നെ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയാണ് കാർഷിക മേഖല.

* * * * * *

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, നിയമസഭയിലില്ലാത്ത ആളുകളെക്കുറിച്ച് അടിസ്ഥാന രഹിതമായി എന്തെങ്കിലും ആരോപണം വിളിച്ചു പറയുന്നത് ഓർഡറിലാണോ ?

ശ്രീ. വി. കെ. രാജൻ : അത് ശ്രീ. രാഘവൻ പൊഴക്കടവിനോട് ചോദിച്ചാൽ പറയും. അദ്ദേഹം അതിലുള്ള ഒരു മെമ്പറാണ്.

ശ്രീ. എം. എം. ഹസ്സൻ : ഒരു ബില്ലിന്റെ ചർച്ചയിലാണെങ്കിലും ഒരു ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ച് ആരോപണം എഴുതികൊടുക്കാതെ ഉന്നയിക്കുന്നത് ശരിയാണോ ? അത് അങ്ങ് പരിശോധിക്കണം. ഒരു മന്ത്രിയെക്കുറിച്ച് അടിസ്ഥാനരഹിതമായ ആക്ഷേപങ്ങളാണ് ഇവിടെ ഉന്നയിക്കുന്നത്.

* * * * * *

ശ്രീ. വി. കെ. രാജൻ : അദ്ദേഹം പലരെയും പാർലമെന്റിൽ സ്ഥാനാർത്ഥിയാക്കാതെ തന്നെ ശിക്ഷ്യനാക്കാൻ സർവ്വഥാ യോഗ്യനെന്ന് പൂർണ്ണ ബോദ്ധ്യം വന്ന ശ്രീ. കെ. വി. തോമസിനെ തന്നെ പാർലമെന്റിൽ സീറ്റു കൊടുത്ത് ജയിപ്പിച്ചു. ഇപ്പോഴും അദ്ദേഹത്തോടൊപ്പമാണ് കാര്യങ്ങളും കൈകാര്യം ചെയ്യുന്നത്. മുമ്പു ചെയ്തിരുന്ന ആളുകളും ആരൊക്കെയാണെന്ന് ശ്രീ. ഹസ്സനൊക്കെ അറിയാവുന്നതാണല്ലോ ?

ഡോക്ടർ കെ. സി. ജോസഫ് : ഈ നിയമം കൊണ്ടുവന്നിരിക്കുന്നതു തന്നെ അഴിമതിയുടെ പേരിലാണെന്നാണ് പറയുന്നത്. അഴിമതിയെക്കുറിച്ച് വ്യക്തമായി മുൻകൂട്ടി എഴുതിക്കൊടുക്കാതെ ആരോപണം ഉന്നയിച്ചിരിക്കുകയാണ്. ബന്ധപ്പെട്ട മന്ത്രിക്ക് മറുപടി പറയാൻ അവസരം കൊടുക്കാത്ത രീതിയിൽ ഇത്തരം ആരോപണം ഉന്നയിക്കുന്നത് ഓർഡറിലല്ല. മുൻകൂട്ടി

***സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

എഴുതിക്കൊടുക്കാതെയുള്ള ഈ ആരോപണം സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണം.....(ബഹളം).....

ശ്രീ. കെ. പി. പ്രഭാകരൻ : ഈ സഭയിലെ ഒരു മെമ്പറേയോ ഒരു മന്ത്രിയേയോപ്പറ്റി ആരോപണം ഉന്നയിച്ചിട്ടില്ല. സഭയിലുള്ളവരെപ്പറ്റിയാണെങ്കിലാണ് മുൻകൂട്ടി എഴുതിതരേണ്ടതേ.....ബഹളം.....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) ; ഒരു ബില്ലിന്റെ ചർച്ചയിൽ എന്തും പറയാമെന്ന ധാരണ ശരിയല്ല. ഇവിടെ ശ്രീ. വി. കെ. രാജൻ ആദ്യം മുതൽ എല്ലാ സന്ദർഭങ്ങളിലും മനഃപൂർവ്വം ആക്ഷേപകരമായ കാര്യങ്ങളാണ് പറഞ്ഞു. അടിസ്ഥാന രഹിതമായ കാര്യങ്ങൾ എഴുതിക്കൊടുക്കാതെ പറഞ്ഞിരിക്കുന്നത് രേഖകളിൽ നിന്നും നീക്കംചെയ്യേണ്ടതാണ്.

ശ്രീമതി കെ. ആർ. ഗൗരി : അങ്ങ് ചെയറിലിരിക്കുമ്പോൾ ഈ സഭയിൽ "സാദ്ധ്യമല്ല" എന്ന് തിരുമാനിക്കുന്നത് ആരാണ് ?..... ബഹളം.....

Mr. Speaker : Allegation-നെക്കുറിച്ച് റൂൾ 285-ൽ പറയുന്നത്.

No allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the Speaker and also to the Minister concerned so that the Minister may be able to make an investigation into the matter for the purpose of reply. ഇതാണ് ജനറലായി ഇൻക്രിമിനേറ്ററി ആയോ ഡിഫമേറ്ററി ആയിട്ടോ ഉള്ളത്. ഏതായാലും ശ്രീ. വി. കെ. രാജന്റെ പ്രസംഗം കഴിഞ്ഞിട്ട് രേഖകൾ നോക്കി ചട്ടവിരുദ്ധമായി എന്തെങ്കിലും ഉണ്ടെങ്കിൽ രേഖയിൽ നിന്ന് നീക്കംചെയ്യുന്നതാണ്.

ശ്രീ. വി. കെ. രാജൻ : സർ, ഞാൻ ഇവിടെ മന്ത്രിയെപ്പറ്റി ആരോപണമുന്നയിച്ചതല്ല. പുത്തുള്ള ഒരു എം. പി. യെ സംബന്ധിച്ച് പത്രത്തിലൂടെ വന്ന ഒരു വാർത്തയെ ആസ്പദമാക്കി സംസാരിച്ചതാണ്. പത്ര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പറഞ്ഞ ഒരു കാര്യമാണിത്.....(ബഹളം)..... പത്രത്തിലൂടെ വന്ന ഒരു വാർത്തയുടെ അടിസ്ഥാനത്തിൽ ഞാൻ ഉന്നയിച്ച ഒരു ആരോപണം നീക്കംചെയ്യണമെന്നും ചില ആളുകളും ഇവിടെ പറയുമ്പോൾ ഗൗരിയമ്മ സൂചിപ്പിച്ചതുപോലെ ടി. എം. ജേക്കബ് പറഞ്ഞാണ് ഡെപ്യൂട്ടി സ്പീക്കറെ ഒരു ദിവസം വെള്ളത്തിലാക്കിയത്; അങ്ങ് ചെയറിൽ ഇല്ലാതിരുന്ന ഒരു ദിവസം. കാരണം ഇടയ്ക്കിടയ്ക്ക് എല്ലാത്തിനും ഉത്തരം പറയുന്നത് അദ്ദേഹമാണ്. വിദ്യാഭ്യാസമേഖലയാകെതന്നെ കുളംതോണ്ടി. നിയമസഭയുടെതന്നെ ജനാധിപത്യ പ്രക്രിയയെ തടസ്സപ്പെടുത്തുന്ന രീതിയിൽ മന്ത്രി എന്നുവച്ചാൽ എന്തും എപ്പോഴും വേണമെങ്കിലും ഇടയ്ക്കുകയറി പറയാമെന്നുണ്ടോ ? അങ്ങനെ ഒരു ഏർപ്പാടുണ്ടോ ? ആർക്കു വേണമെങ്കിലും ഉപദേശം കൊടുക്കാനും സ്പീക്കർക്ക് ഉപദേശം കൊടുക്കാനും മുഖ്യമന്ത്രിക്ക് ഉപദേശം കൊടുക്കാനും.....(ബഹളം).....

മി. സ്പീക്കർ : ഈ സഭയിലേ ഏതു മെമ്പർക്കും പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്യാവുന്നതാണ്. പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്യുന്നത് അവകാശമാണ് അല്ലാതെ നിർദ്ദേശം കൊടുക്കലല്ല. അത് ചെയറാണ് തീരുമാനിക്കുന്നത്. അതുകൊണ്ട് അങ്ങ് പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ : സർ, പോയിൻറ് ഓഫ് ഓർഡറിന് ഇങ്ങനെ റൂളിംഗ് വേണമെന്നാണ് പറയുന്നത്. ഇന്നതായിരിക്കണം പെയറിൽനിന്ന് പറയേണ്ടത് എന്നു പറയാൻ ടി. എം. ജേക്കബ്ബിനും അധികാരമില്ല, ഈ മുഖ്യമന്ത്രിക്കും അധികാരമില്ല. ഇത് കേരളാകോൺഗ്രസ് യോഗത്തിൽ പറയാം.

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട ചെയർ ഇവിടെ ഇപ്പോൾ ഒരുകാര്യം പരാമർശിച്ചു. ഈ സഭയിലെ ഏതൊരു അംഗത്തിനും അഭിപ്രായങ്ങൾ പറയാൻ സ്വാതന്ത്ര്യമുണ്ട്. ബഹുമാനപ്പെട്ട ചെയറിന്റെ മുമ്പാകെ ഒരു പോയിൻറ് ഓഫ് ഓർഡർ വന്നെങ്കിൽ സബ്മിഷൻ രൂപേണ അഭിപ്രായങ്ങൾ പറയാം. അന്തിമമായി റൂളിംഗ് കൊടുക്കുന്നത് ചെയർ ആണ്. അതനുസരിക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരുമാണ്. അതുകൊണ്ട് ഇങ്ങനെ ആ അവകാശം ഇല്ലെന്നു പറയുന്നത്. ശരിയല്ല സർ.

മി. സ്പീക്കർ : തീർച്ചയായിട്ടും ചെയർ അതാണു പറഞ്ഞത്. ഈ സഭയിലെ ഏതൊരു അംഗത്തിനും പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാനോ അല്ലെങ്കിൽ ചെയറിന്റെ അനുവാദത്തോടുകൂടി അഭിപ്രായം പറയാനോ അവകാശമുണ്ട്. അതിന് ഒരു തീരുമാനമെടുക്കുന്നത് ചെയറാണ്; മറ്റാരുമല്ല. അതുകൊണ്ട് ആ അവകാശം നിഷേധിക്കുന്നത് ശരിയല്ല അങ്ങ് പ്രസംഗം തുടരൂ.

ശ്രീ. വി. കെ. രാജൻ : ഈ പറഞ്ഞ റൂളിംഗിന് വിധേയമായി ഒരു ബില്ലിനെ സംബന്ധിച്ച് എങ്ങനെ സംസാരിക്കണമെന്നു തീരുമാനിക്കാനുള്ള അധികാരം സംസാരിക്കുന്ന മെമ്പർക്കുണ്ടെന്ന് മനസ്സിലാക്കണം..... (ബഹളം).....

മി. സ്പീക്കർ : മെമ്പർക്ക് എന്തും സംസാരിക്കാനുള്ള അവകാശമില്ല. അങ്ങ് ബില്ലിന്റെ ജനറൽ പ്രിൻസിപ്പിളിന്റെ സ്കോപ്പിൽനിന്നു പറയുകയല്ലാതെ എന്തും പറയാൻ പറ്റുകയില്ല. എന്തും പറഞ്ഞാൽ ചട്ടവിരുദ്ധമായിട്ടുള്ളത് രേഖയിലുണ്ടാവുകയില്ല.....(ബഹളം).....

ശ്രീ. വി. കെ. രാജൻ : ശ്രീ. ജേക്കബ്ബിനെപ്പോലെതന്നെ ഞാനും അത്രയുംകൊല്ലം ഈ നിയമസഭയിൽ ഉണ്ടായിരുന്ന ആളാണ്. ഹസ്സനേക്കാൾ സീനിയറാണു ഞാൻ.

മി. സ്പീക്കർ : അങ്ങ് ബില്ലിന്റെ കാര്യത്തെക്കുറിച്ച് സംസാരിക്കൂ.

ശ്രീ. വി. കെ. രാജൻ : സർ, ഞാൻ ബില്ലിനകത്തുനിന്നുകൊണ്ട് എപ്പോഴും സംസാരിക്കുമ്പോഴും അതിനെ ചോദ്യം ചെയ്യുക ഒരു സ്ഥിരം പതിവാക്കി മാറ്റുന്ന ഒരു നടപടിയാണ് മി. ഹസ്സനും, മി. ജേക്കബ്ബും തുടരുന്നത്. ആ നടപടി ശരിയല്ല. ഞാൻ പറഞ്ഞുവരുന്നത് 55 വയസ് എന്നുള്ളത് 60 വയസ്സ് ആക്കൽ ഒട്ടും ആവശ്യമുള്ള കാര്യമല്ല. ഇവിടെ സഖാവ് എം. എൻ. ഗോവിന്ദൻ നായരുടെ കാലത്ത് 55 വയസ്സ് എന്നുള്ള ഒരു നിയമം കൊണ്ടുവന്നു. അന്ന് യൂത്ത് കേൺഗ്രസ്സുകാരായിട്ടുള്ള എം.എൽ.എ.മാർ പരസ്യപ്രസ്താവനയിറക്കി. അവിടെ ഇരിക്കുന്ന എം.എൽ.എ. മാരും ചെയർ ഉൾപ്പെടെ പുറത്തൊക്കെ ഇതിനെതിരായിട്ട് ശക്തമായിട്ട് 50 പ്രാവശ്യമൊക്കെ പറഞ്ഞു. ഞാൻ മി. രമേശ് ചെന്നിത്തലയോട്

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കുകയാണ്, ഈ രാജ്യത്തെ പട്ടിണിപ്പാവങ്ങളായിട്ടുള്ള, തൊഴിൽ രഹിതരായിട്ടുള്ള ആളുകൾക്ക് ജോലി കിട്ടണമെന്ന് ആവശ്യപ്പെടുന്ന ഒരു സംഘടനയാണ് യൂത്ത് കോൺഗ്രസ്സ്... .....(ബഹളം)..... എന്നാൽ ഒരു മന്ത്രിപ്പണി കിട്ടിയപ്പോൾ അദ്ദേഹം അത് നിർത്തിയോ ? അദ്ദേഹം രാജിവച്ചതായി ഒരു പത്രവാർത്ത നാട്ടിൽ പരന്നിരുന്നു അതോടൊപ്പം തന്നെ ഇവിടെ അദ്ദേഹത്തിന് മന്ത്രിസ്ഥാനം കിട്ടിയപ്പോൾ യൂത്ത് കോൺഗ്രസ്സിന്റെ ആശയം പോയി. ഞാൻ പറയുന്നത് രമേശ് ചെന്നിത്തല ഒരു മന്ത്രിയായതോടുകൂടി പണ്ട് 50 എന്നു പറഞ്ഞതും 55 ആക്കി മാറ്റി. ഇനി അറുപതോ അറുപത്തിയഞ്ചോ ആക്കിയാൽ വിരോധമില്ലെന്ന പരുവത്തിൽ മന്ത്രിസ്ഥാനം ചെറുപ്പത്തിൽ കിട്ടിയതിന്റെയടിസ്ഥാനത്തിൽ ആക്കി സർ. അതു ശരിയല്ല. നമ്മുടെ നാട്ടിൽ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ഒരു സമരം ഇന്ന് ഇവിടെ കാണാം. അത് അങ്ങുപോയി കാണേണ്ടതാണ്. മുഖ്യമന്ത്രി കണ്ടുകാണുമെന്നാണ് എന്റെ വിശ്വാസം. ഈ പ്രദേശം മുഴുവനും ഇന്ന് വിജനമാണ്. ഒരാൾക്കും ഈ പ്രദേശത്തുകൂടി കടന്നുപോകാൻ പ്രയാസമാണ്. അങ്ങ് നേരത്തേ പറഞ്ഞതുപോലെ നിയമസഭയ്ക്കകത്ത് ഒരൊറ്റ ആൾക്കും പാസ് കൊടുത്തില്ല. ഞങ്ങളം കൊണ്ടുവന്ന ആളുകളെ ഇന്നു കടത്തിവിട്ടില്ല സർ, ഇവിടെ ഞാൻ സൂചിപ്പിക്കുന്നത് കമ്പ്യൂട്ടർ കൊണ്ടുവന്ന് ഉള്ള പണിയും നിർത്തുമെന്നാണ് തച്ചടി പ്രഭാകരൻ പറയുന്നത്. ഞാൻ പറയുന്നത് ആ കമ്പ്യൂട്ടർ തല്ലിത്തകർക്കുമെന്നല്ല അതു കൊണ്ടുവരുന്ന തച്ചടിയെപ്പോലും തല്ലാൻ കേരളത്തിലെ ചെറുപ്പക്കാർ നില്ക്കുന്നു എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ബില്ലിന്റെ നടപടിയെ ഞാൻ എതിർക്കുന്നു.

ഡോക്ടർ കെ. സി. ജോസഫ് : സർ, പിന്നീട് റൂളിംങ് തരാമെന്ന് അങ്ങ് പറഞ്ഞിരുന്നു. അത്.....

മി. സ്പീക്കർ : അദ്ദേഹത്തിന്റെ പ്രസംഗം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. വി. കെ. രാജന്റെ പ്രസംഗം പരിശോധിച്ചിട്ട് ചട്ടവിരുദ്ധമായി എന്തെങ്കിലുമുണ്ടെങ്കിൽ അത് രേഖയിൽനിന്ന് നീക്കം ചെയ്യുന്നതായിരിക്കും.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഇവിടെയിപ്പോൾ അവതരിപ്പിച്ചിട്ടുള്ളത് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ആക്ടിന്റെ 42-ാം വകുപ്പിന്റെ നാലാം ഉപവകുപ്പിനുള്ള ഒരു ഭേദഗതിയാണ്. എനിക്ക് ഇതിനെസംബന്ധിച്ചു പറയാനുള്ളത് ഈ നിയമങ്ങൾ നമ്മൾ പാസ്സാക്കുന്നത് നടപ്പിലാക്കാൻ വേണ്ടിയിട്ടാണ്. റിട്ടയർമെന്റ് ഏജ് ഉയർത്തുന്നതിനെസംബന്ധിച്ചുള്ള ഈ നിയമം പാസ്സായാൽ അത് നടപ്പിലാക്കുമോ ഇല്ലയോ എന്നുള്ള കാര്യത്തെ സംബന്ധിച്ചല്ല എനിക്ക് തർക്കം. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം പാസ്സാക്കിയിട്ടുള്ള നിയമങ്ങൾ പരസ്യമായി ലംഘിക്കുന്നത് ഒരു പതിവായിരിക്കുകയാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. നിയമം ലംഘിക്കുക, കാലതാമസമുണ്ടാക്കുക, ജീവനക്കാരോടെല്ലാം പ്രതികാരം ചെയ്യുക എന്നിവ എങ്ങനെ കൃഷിചെയ്തു വളർത്താൻ പറ്റുമെന്ന് നാട്ടുകാരെ പഠിപ്പിക്കുന്ന ഒരു യൂണിവേഴ്സിറ്റിയായിട്ട് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി തീർന്നിരിക്കുന്നു എന്നുള്ളതാണ് എന്റെ പരാതി.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടിസ്പീക്കർ)

42-ാം വകുപ്പിന്റെ നാലാം ഉപവകുപ്പിൽ നമ്മൾ ഇപ്പോൾ ഒരു ഭേദഗതി കൊണ്ടുവന്ന ഈ സന്ദർഭത്തിൽ തൊട്ടടുത്ത ഒരു വകുപ്പിനെക്കുറിച്ച് ചൂണ്ടിക്കാ

LIBRARY ARCHIVES Kerala Legislative Assembly

ണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. 43-ാം വകുപ്പ് റിസർവേഷനെ സംബന്ധിച്ച ഒരു വകുപ്പാണ്.

The rules for the reservation of appointment to the post under Government in favour of Scheduled Castes, Scheduled Tribes and Other Backward Classes shall apply in the case of appointment to Teachers and Non-teaching staff of the University.

പരസ്യമായിട്ട് ഇത് ആ യൂണിവേഴ്സിറ്റിയിൽ ലംഘിക്കുകയാണ്. കഴിഞ്ഞ 14 കൊല്ലമായി ആ യൂണിവേഴ്സിറ്റിയിലെ ഉയർന്ന തസ്തികകളിൽ നടത്തിയിട്ടുള്ള നിയമനങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ എത്ര നഗ്നമായിട്ടാണ് ഇവർ ഇതിനെ ലംഘിച്ചതെന്ന് മനസ്സിലാക്കാൻ സാധിക്കും. സർ, ഡീൻ, ഡയറക്ടർ ഓഫ് റിസർച്ച്, അസോസിയേറ്റഡ് ഡയറക്ടർ, ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ തുടങ്ങിയ പോസ്റ്റുകളിൽ കഴിഞ്ഞ 14 കൊല്ലത്തിനുള്ളിൽ 50 നിയമനങ്ങൾ നടന്നിട്ടുണ്ട്. ഞാൻ അതിന്റെ കണക്കിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. വളരെ ഗൗരവപൂർവ്വമായ ഒരു കാര്യമാണിത്. ഈ 50 പോസ്റ്റുകളിൽ ഹിന്ദു വിഭാഗത്തിന് 36-ം ക്രിസ്ത്യൻ വിഭാഗത്തിന് 14-ം ആണ്. മുസ്ലീം വിഭാഗത്തിന് ഇല്ല. ഇപ്പോൾ 20 പേർ അവിടെയുണ്ട്. അതിൽ 15 പേർ ഹിന്ദുവിഭാഗത്തിലും ആറു പേർ ക്രിസ്ത്യൻ വിഭാഗത്തിലും ഉള്ളവരാണ് മുസ്ലീം വിഭാഗത്തിൽനിന്ന് ആരുമില്ല. ഞാൻ ചോദിക്കുന്നത് റിസർവേഷൻ എന്നൊക്കെ പറഞ്ഞാൽ അവിടെയുള്ള വൈസ് ചാൻസലറുടെ ദയാദാക്ഷണ്യത്തിന്റെ പുറത്ത് ഞങ്ങൾക്കു കിട്ടുന്ന ഒരു സൗജന്യമല്ല സർ. അവിടെയുള്ള മാധവൻനായർക്ക് ദയാദാക്ഷണ്യമുണ്ടായാലെ ഈ രാജ്യത്ത് റിസർവേഷനെക്കുറിച്ച് പറഞ്ഞിട്ടുള്ള തത്വം കിട്ടൂ എന്നുള്ള ഒരു അവസ്ഥ വന്നാൽ ആ അവസ്ഥ ക്ഷമിക്കാൻ പാടുകയില്ല. നിയമം പാസ്സാക്കുന്നത് നിയമം നടപ്പിലാക്കാനാണ്. സർ, ഞാൻ ചോദിക്കുകയാണ്, എന്തുകൊണ്ടാണ് ഒരു പോസ്റ്റ് മുസ്ലീമിന് കൊടുക്കാത്തത്; യോഗ്യതയില്ലാഞ്ഞിട്ടാണോ ? യോഗ്യതയില്ലാഞ്ഞിട്ടാണെന്നുള്ള വാദഗതിയാണെങ്കിൽ അത് അംഗീകരിക്കാൻ വിഷമമാണ്. ഞാൻ ഒരു ശാസ്ത്രജ്ഞന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. അണ്ണാമല യൂണിവേഴ്സിറ്റി എല്ലാവിധ സമ്മതപത്രവും കൊടുത്തിട്ടുള്ള ഒരു ശാസ്ത്രജ്ഞനാണ് താജുദ്ദീൻ. ഉപ്പുബാധിത പ്രദേശങ്ങളിൽ നെൽകൃഷി എങ്ങനെ വികസിപ്പിച്ചെടുക്കാമെന്നുള്ളതിനെക്കുറിച്ച് ഒരു തീസിസ് അണ്ണാമല യൂണിവേഴ്സിറ്റിയുടെ മുമ്പാകെ അവതരിപ്പിച്ചതിന്റെ ഫലമായി അണ്ണാമല യൂണിവേഴ്സിറ്റി അംഗീകാരം കൊടുത്തിട്ടുള്ള പരമയോഗ്യനായ ഒരു സുഹൃത്താണ് അദ്ദേഹം. അദ്ദേഹത്തെ ഹാലി ഓംസ് ഹാസ്സൻ അവാർഡിന് തമിഴ്നാടു ഗവൺമെന്റ് നിർദ്ദേശിക്കപ്പെട്ടിരിക്കുകയാണ്. ഏതാണ്ട് പതിനഞ്ചോളം പേപ്പേഴ്സ് ശാസ്ത്രസാങ്കേതിക വിഷയങ്ങളെക്കുറിച്ച് അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പത്തോളം നാഷണൽ, ഇൻറർനാഷണൽ സെമിനാറുകളിൽ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയെ അദ്ദേഹം പ്രതിനിധീകരിച്ചിട്ടുണ്ട്. പക്ഷേ ഈ യോഗ്യത മുഴുവനുണ്ടായിട്ടും, ഏതാണ്ട് ഇരുപതിനായിരത്തോളം ഹെക്ടർ ഭൂമി തമിഴ്നാട്ടിൽ അദ്ദേഹം കണ്ടുപിടിച്ച നെൽകൃഷി വികസിപ്പിക്കാനുള്ള സാദ്ധ്യതയുണ്ടാക്കി കൈയ്യിൽ കൊടുത്തിട്ടും ഗോവയിൽ പതിനയ്യായിരത്തോളം ഹെക്ടർ ഉപ്പുബാധിത പ്രദേശങ്ങളിൽ കൃഷി ചെയ്യാനുള്ള സാദ്ധ്യത ഉണ്ടാക്കിക്കൊടുത്തിട്ടും അദ്ദേഹത്തിന് സെലക്ഷൻ കൊടുക്കാത്തതിന്റെ കാരണമെന്താണ് ? പേര് താജുദ്ദീൻ എന്നാണ്, മുസ്ലീം ആയിപ്പോയതുകൊണ്ടാണ്. ഈ നടപടിയെ ഞാൻ ശക്തിയായിട്ട് ആക്ഷേപിക്കുകയാണ്. പുതിയ നിയമനങ്ങൾ നടത്തുമ്പോൾ നിയമങ്ങൾ പാലിച്ചിട്ടില്ലാത്ത നടപടിക്കെതിരായി ശക്തിയായി ചിന്തിക്കണമെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെടുന്നു. ഇപ്പോഴും പാസ്സാക്കുന്നു? ഒരുപക്ഷേ നടപ്പിലാക്കുമായിരിക്കും. പക്ഷേ ഇങ്ങനെ നിയമത്തെ പരസ്യമായി ലംഘിക്കാൻ അവിടത്തെ വൈസ് ചാൻസലറെ സമ്മതിച്ചുകൂടെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

പിന്നെ വേറെയും വൈസ് ചാൻസലറുടെ ഈ അധികാരങ്ങളെക്കുറിച്ച് നിയമത്തിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ അവിടത്തെ വി. സി. ഫാക്കൽറ്റി രൂപീകരിക്കുന്ന കാര്യങ്ങളടക്കമുള്ളതിനു ജനറൽ കൗൺസിലും വേണ്ട എക്സിക്യൂട്ടീവും വേണ്ട, ഗവൺമെന്റും വേണ്ട. അദ്ദേഹത്തിന്റെ ഇഷ്ടം പോലെ ചെയ്യുന്നു. ഫോറസ്ട്രിയെക്കുറിച്ചും അതുപോലെ തന്നെ ഹോം സയൻസിനെക്കുറിച്ചുമൊക്കെ ഫാക്കൽറ്റികൾ രൂപീകരിക്കുന്നതിനു വേണ്ടി ഈയിടെ നീക്കമാരംഭിച്ചപ്പോൾ അവിടെയുള്ള ആരോടും ചോദിച്ചില്ല. ജനറൽ കൗൺസിലിനോട് ചോദിച്ചില്ല, എക്സിക്യൂട്ടീവിനോട് ചോദിച്ചില്ല, എന്തിനധികം പറയുന്നു ഗവൺമെന്റിന്റെ നിയമവകുപ്പു കൊടുത്തിട്ടുള്ള ശാസനപോലും പരസ്യമായി ലംഘിച്ചുകൊണ്ടാണ് അവിടെ അദ്ദേഹം ഈ നിയമനം നടത്തിയിട്ടുള്ളത്. വളരെ വ്യക്തമായും ഇത്തരം ഒരു നടപടിയെ ആക്ഷേപിച്ച് നിയമവകുപ്പു പറയുന്നു അധികാരമില്ലെന്ന്. വി. സി. യ്ക്ക് ഗവൺമെന്റിന്റെ സമ്മതമില്ലാതെ ഇങ്ങനെയൊരു ഫാക്കൽറ്റി രൂപീകരിക്കുവാനുള്ള അധികാരമില്ലെന്ന് നിയമവകുപ്പ് വ്യക്തമായും പറഞ്ഞിട്ടുപോലും ആ നിയമ വകുപ്പിന്റെ നിർദ്ദേശം പോലും ലംഘിച്ചുകൊണ്ടാണ് അവിടെ നിയമനം നടന്നത്. ഞാൻ അക്കാര്യം മുഖ്യമന്ത്രിയോട് പറഞ്ഞു. മുഖ്യമന്ത്രിയോട് പറഞ്ഞപ്പോഴും ഇങ്ങനെ ഏകാധിപത്യപരമായി ജനാധിപത്യ വിരുദ്ധമായിഎടുത്തിട്ടുള്ള നടപടിയുമായി മുന്നോട്ടു പോകരുതെന്ന് വളരെ ശക്തമായി ഒരു തീരുമാനം എടുക്കാൻ മുഖ്യമന്ത്രി തയ്യാറായതിൽ എനിക്ക് സന്തോഷമുണ്ട്. അങ്ങനെ ഒരു ഉദ്യോഗസ്ഥന്റെ ഭരണത്തിന് ഒരു ഉദ്യോഗസ്ഥന്റെ ദയാദാക്ഷിണ്യത്തിന് കാര്യങ്ങളെ തീരുമാനിക്കുന്ന ഒരവസ്ഥയാണ് അവിടെയുള്ളത് എന്നു ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്.

അതുപോലെ തന്നെ കാലതാമസത്തിന്റെ കാര്യം-കാലതാമസത്തെക്കുറിച്ച് പറയുമ്പോൾ നൂറുകണക്കിന് കാര്യങ്ങളെ അവിടെ നിർത്തപ്പെടാതെ നിൽക്കുകയാണ്. ഇവിടെ പറഞ്ഞു, അവിടെ എത്രയോ വ്യത്യസ്തമായ കാര്യങ്ങളിലുള്ള നിയമനത്തെ കുറിച്ച്. അക്കാര്യങ്ങളിൽ നിയമനം നടത്താതെ ആവശ്യമില്ലാത്ത കാലതാമസം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. എനിക്ക് വളരെ പ്രസക്തമായ ഒന്നുരണ്ട് കാര്യങ്ങൾ കൂടി ഇത്തരുണത്തിൽ ചൂണ്ടിക്കാണിക്കുവാനുണ്ട്. വളരെ വ്യക്തമായിട്ട് കേന്ദ്രകൃഷി വകുപ്പിന്റെ ചാർജ് വഹിച്ചിട്ടുള്ള മന്ത്രി ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ശക്തമായിട്ട് ആക്ഷേപിച്ചു. കേരള ഗവൺമെന്റ് ഇതു വളരെ ഗൗരവമായി കണക്കിലെടുക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

ഇത്തരം കാര്യങ്ങൾക്ക് ഫൈനാൻസ് ചെയ്യുന്ന ഏജൻസികൾക്ക് ഇക്കാര്യത്തിൽ വമ്പിച്ച പരാതിയുണ്ടായിട്ടുണ്ട്. തീരുമാനിക്കാത്ത കാര്യങ്ങൾ ചെയ്യുക തീരുമാനിച്ച കാര്യങ്ങൾനടപ്പിലാക്കാൻ വൈമുഖ്യം കാണിക്കുക തുടങ്ങിയത് ഈ യൂണിവേഴ്സിറ്റിയുടെ പതിവായി തീർന്നിട്ടുണ്ട് എന്ന് വളരെ വ്യക്തമായിട്ട് പരാതി ഉയർന്നുവന്നിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

അതു പോലെ തന്നെ മറ്റൊരു കാര്യം എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത് ജീവനക്കാരോടുള്ള പ്രതികാര നടപടികളെക്കുറിച്ചാണ്. ജീവനക്കാരോട് പ്രതികാര നടപടി സ്വീകരിക്കാൻ ഏറ്റവും പറ്റിയ സന്ദർഭം ഏതാണെന്ന് വച്ചാൽ ഒന്നിനും തത്വം ഉണ്ടാക്കാതീരിക്കുകയാണ്. ഇപ്പോഴും ട്രാൻസ്ഫറിന് തത്വമില്ല. ട്രാൻസ്ഫറിനു

LIBRARY ARCHIVES Kerala Legislative Assembly

തത്വമില്ലാതിരിക്കുന്നതുകൊണ്ട് എന്താണ് സൗകര്യം ? മുൻകൂട്ടലോടു കൂടിയ നടപടി എടുക്കാൻ സാധിക്കുമെന്നുള്ളതാണ് ഏറ്റവും നല്ല കാര്യം. ഒരാൾ അലോഹ്യം കാണിക്കുകയാണെങ്കിൽ അയാളെ പിടിച്ച് പന്ത് തട്ടുന്നതുപോലെ അങ്ങോട്ടും ഇങ്ങോട്ടും തട്ടാൻ കഴിയും. ഞാൻ ശക്തമായിട്ട് ആവശ്യപ്പെടുകയാണ് പ്രമോഷന്റെ കാര്യത്തിലും അതുപോലെ തന്നെ ട്രാൻസ്ഫർ തുടങ്ങിയ കാര്യങ്ങൾക്കും ശക്തമായ പോളിസികൾ ഉണ്ടാക്കണം. ആ പോളിസി ഇല്ലാത്തതിന്റെ ഫലമായി അവിടത്തെ ജീവനക്കാർ വളരെയധികം പ്രയാസപ്പെടുകയാണ്. അവിടത്തെ ജീവനക്കാരോട് പ്രതികാരം ചെയ്യുന്ന ഒരു സമീപനം അവിടെ ഉണ്ടായി. ഞാനി പറയുന്നതിന്റെയൊക്കെ മൊത്തത്തിലുള്ള ഉദ്ദേശം എന്താണെന്നുവെച്ചാൽ നിയമം പാസ്സാക്കിയാൽ ആ നിയമം നടപ്പിലാക്കണം. ഇപ്പോൾ നമ്മൾ അസംബ്ലിയിൽ ചർച്ച ചെയ്ത് പസ്സാക്കുന്ന നിയമം ഒരു ഉദ്യോഗസ്ഥന്റെ വിരൽത്തുമ്പിൽ കിടന്ന് തൂങ്ങുന്ന ഒരവസ്ഥ ഉണ്ടായിക്കൂടാ. ഒരു ഉദ്യോഗസ്ഥന് എന്ത് തെറ്റും ചെയ്യാം. അതിന് റിസർവേഷനും നോക്കണ്ട, യാതൊരു തത്വദീക്ഷയുമില്ലാതെ സർക്കാർ പറയുന്നതൊന്നും കേൾക്കാതെ നിയമവകുപ്പ് പറയുന്നതും കേൾക്കാതെ സ്വന്തം ഇഷ്ടം പോലെ പ്രവർത്തിക്കുന്ന ഒരവസ്ഥ. ഇത് ഉണ്ടായിക്കൂടെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. അത്തരം കാര്യങ്ങളെ ഈ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്ന സാഹചര്യത്തിൽ സർവ്വകലാശാല പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് വിവാദങ്ങളെ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ഒരു സഹചര്യത്തിൽ പൊതുജനാഭിപ്രായത്തിനുവേണ്ടി ഈ ബിൽ വിടുന്നതാണ് അഭികാമ്യമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി. കെ. ആർ. ഗൗരി : ഈ നിയമത്തിനു അങ്ങ് തന്നെ പ്രിഫറൻസ് കൊടുത്തുകൊണ്ട് ചർച്ചയ്ക്ക് വന്നപ്പോൾ ഉണ്ടായിരുന്ന ധാരണ ഡീൻമാരുടെ മാത്രം വയസ് ഉയർത്തുന്നതിനുവേണ്ടിയിട്ടുള്ളതാണെന്നായിരുന്നു. ഈ നിയമം നിയമസഭയിൽ കൊണ്ടുവന്നുകഴിഞ്ഞപ്പോഴാണ് നിയമത്തിൽ ഇന്ന് ആവശ്യപ്പെട്ടിരിക്കുന്നത് ഡീൻമാർക്ക് മാത്രമല്ല, ഡീൻമാർക്കു പുറമേ സ്റ്റുഡൻസ് വെൽഫെയർ ഡയറക്ടർ, ഡയറക്ടർ ഓഫ് റിസർച്ച് എക്സ്റ്റൻഷൻ ഡയറക്ടർ, ലൈബ്രേറിയൻ, അദ്ധ്യാപകർ, ഇവരുടെയെല്ലാം പ്രായം 55-ൽ നിന്ന് 60 ആക്കി ഉയർത്തുന്നതിനുവേണ്ടിയാണെന്ന് മനസ്സിലായത്.

ശ്രീ. തച്ചടി പ്രഭാകരൻ : ബിസിനസ് അഡൈ്വസറി കമ്മിറ്റിയുടെ തീരുമാനമനുസരിച്ച്.

ശ്രീമതി. കെ. ആർ. ഗൗരി : ഞാൻ സംസാരിക്കുന്നതിനിടയിൽ ഒരു ക്വോറം മോഷനും ഇല്ല. അത് മന്ത്രിമാരെങ്കിലും ഒന്ന് മനസ്സിലാക്കിയേക്ക്. ഞാൻ സംസാരിച്ചു തീർന്നാലെ motion move ചെയ്യാനൊക്കു.

ഡെപ്യൂട്ടി സ്പീക്കർ : ഗൗരിയമ്മ ഇരിക്കുകയില്ല, അവർക്ക് ഇനിയും പ്രസംഗിക്കാനുണ്ട്.

ശ്രീമതി. കെ. ആർ. ഗൗരി : ഇല്ല, ഞാൻ ഇരിക്കുകയല്ല. ഞാനിരുന്നാൽ മന്ത്രി ഉടനെ ക്വോറം പറയും.

LIBRARY ARCHIVES Kerala Legislative Assembly

1986 ജൂലൈ മാസം നിയമസഭയിൽ അൺസ്റ്റാർഡ് ആയിട്ട് ഒരു ചോദ്യം തന്നതിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ ഇന്ന് തൊഴിലില്ലാത്തവരുടെ സംഖ്യ 26,65,339 എന്നാണ് കൊടുത്തിരിക്കുന്നത്. ജൂലൈ ഒന്നു വരെയുള്ള കണക്കനുസരിച്ചാണിത്. ഇതിൻറെ കൂട്ടത്തിൽ ഡോക്ടർമാരുണ്ട്, എൻജിനീയർമാരുണ്ട്, ഐ. ടി. ഐ. പാസ്സായവരുണ്ട്, അഗ്രിക്കൾച്ചർ ബിരുദമെടുത്തവരുണ്ട്, ഇതിൽ രണ്ടുമൂന്നു കൊല്ലങ്ങൾക്ക് മുമ്പ് അഗ്രിക്കൾച്ചർ പാസ്സാകുന്നവർക്കും വെറ്ററിനറി പാസ്സാകുന്നവർക്കും നഴ്സിംഗ് പാസ്സാകുന്നവർക്കും ജോലി കിട്ടാൻ വലിയ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ഉടൻ ജോലി കിട്ടുമായിരുന്നു. അവർ പാസ്സായിക്കഴിഞ്ഞാലുടനെ ജോലി കിട്ടുമായിരുന്നു, എംപ്ലോയ്മെൻറ് എക്സ്ചേയ്ഞ്ചിൽ പേര് രജിസ്റ്റർ ചെയ്താൽ മതിയായിരുന്നു. പേര് കൊടുത്തു കഴിഞ്ഞാലുടനെ അവർ അപ്പോയിൻറ് ചെയ്യുമായിരുന്നു. എന്നാൽ ഇന്ന് അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽനിന്ന് ബി. എസ്. സി. യും എം. എസ്. സി. യും പാസ്സായിട്ട് ഏതാണ്ട് 600-ൽ പരം കുട്ടികൾ ജോലി കിട്ടാതെ നിൽക്കുന്നു. അങ്ങനെ അവർക്ക് ജോലി കിട്ടാതെ നിൽക്കുമ്പോഴാണ് ഇതുപോലുള്ള നിയമം കൊണ്ടുവന്ന് അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽ ഡീൻമാർക്കും അതുപോലെതന്നെ റിസർച്ച് ഡയറക്ടർമാർക്കും മറ്റ് ഡയറക്ടർമാർക്കും ലൈ

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ]

ബ്രേറിയനും സ്റ്റുഡൻസ് വെൽഫെയർ ഡയറക്ടർക്കും Teachers-നും മറ്റും വയസ് 60 ആക്കുന്നത്. ടീച്ചേഴ്സ് എന്നുപറഞ്ഞാൽ എം. എസ്. സി. പാസ്സാകുന്നവരാണ് അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽ ഉള്ളത്. ആ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽ നിന്ന് എം. എസ്. സി. പാസ്സായവരും ജോലിയില്ലാതെ നിൽക്കുന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ വിഭാഗക്കാർക്ക് പ്രായം നീട്ടി കൊടുക്കേണ്ടയാതൊരു കാര്യവുമില്ല. ഈ തസ്തികകൾക്ക് പുറത്ത് ആളുണ്ട്, അർഹരുമുണ്ട്. ചില മെമ്പർമാർ ഇവിടെ സംസാരിച്ചപ്പോൾ ഞങ്ങളെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി പറഞ്ഞത് മറ്റ് യൂണിവേഴ്സിറ്റികളിൽ 60 വയസ്സാണ് പ്രായപരിധിയെന്നാണ്, അതിനു സമമാക്കാനാണെന്ന്.

നമ്മുടെ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി സ്ഥാപിതമായ കാലത്ത് മറ്റു യൂണിവേഴ്സിറ്റികളിൽ അന്നും വയസ് 60 ആയിരുന്നു റിട്ടയർമെൻറിനുള്ള വയസ്. നമ്മുടെ സംസ്ഥാനത്തിലെ പ്രത്യേകതകൾ കണക്കിലെടുത്ത് പുറത്ത് ആ പണിക്ക് വേണ്ടത്ര qualification ഉള്ള ഉദ്യോഗാർത്ഥികൾ ഉണ്ട് എന്ന നിഗമനത്തിലാണ് ഇവിടത്തെ യൂണിവേഴ്സിറ്റി അന്ന് 55 വയസ് എന്നുള്ള നിലയിൽ നമ്മുടെ അദ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മയും നമ്മൾ തീരുമാനിച്ചത്. ആ 55 വയസ്സിപ്പോൾ 60-ഉം ഒക്കെ ആക്കണമെന്നു പറയുന്നത് നാട്ടിലെ തൊഴിലില്ലായ്മ പരിഹരിക്കാനും പല സംസ്ഥാനങ്ങളിലും പല വകുപ്പുകളിലും ചില Service കളിലും College കളിലും 60 വയസ് നിലവിലുണ്ട്. ഇതിനേരത്തെ നമ്മൾ വയസ് 55 ആക്കി നിറുത്തിയത് നമ്മുടെ ചെറുപ്പക്കാരോടുള്ള നീതി കാണിക്കാനാണ്. കേന്ദ്രഗവൺമെൻറിൻറെ Service-ൽ 58 ആണ് എല്ലാവരുടേയും റിട്ടയർമെൻറ് പ്രായം. നമ്മൾ അത് അംഗീകരിച്ചിട്ടില്ല. ഗവൺമെൻറ് സർവീസിൽ അത് അംഗീകരിച്ചിട്ടില്ലെന്ന് മാത്രമല്ല. ഏറ്റവും നല്ല വിദഗ്ദ്ധരായിട്ടുള്ള ആളുകൾക്കുപോലും എക്സ്റ്റൻഷൻ കൊടുത്തിട്ടില്ല. ഈയടുത്ത് ഗവൺമെൻറിനു വേണ്ടവരെ re-employ ചെയ്തിട്ടുണ്ട്. വിദഗ്ദ്ധർ എന്നു പറയുന്നതിന് ഉദാഹരണമായിട്ട് ഡോ. കെ. എൻ. പൈ. വിദഗ്ദ്ധനല്ലേ ആദ്ദേഹം വിദഗ്ദ്ധനല്ലെന്ന് ആരെങ്കിലും പറയുമോ ? എന്നിട്ട് അദ്ദേഹത്തിനു പോലും Service-ന് എക്സ്റ്റൻഷൻ കൊടുത്തിട്ടില്ല. നമ്മുടെ നാടിൻറെ പ്രത്യേകതയും നമ്മുടെ നാട്ടിലെ ജനങ്ങളുടെ വികാരവും അതാണ്

LIBRARY ARCHIVES Kerala Legislative Assembly

വിദ്യരുടെ വികാരവും ചെറുപ്പക്കാരുടെ ഇടയിലുള്ള വികാരവും കണക്കിലെടുത്തതുകൊണ്ടാണ് ഇങ്ങനെ ചെയ്യേണ്ടി വന്നത്.

ചെറുപ്പക്കാരുടെ ഇടയിലുള്ള മുഴുവൻ സംഘടനകളും ലക്ഷക്കണക്കിന് യുവജനങ്ങളുടെ അംഗത്വമുള്ള മുഴുവൻ സംഘടനകളും ഈ നിയമത്തിലെ നയം എതിർക്കുതിരിക്കില്ല. നമ്മുടെ നാട്ടിൽ വ്യവസായമുണ്ടോ ? ഇവിടെ വ്യവസായമില്ല. പുതിയ വ്യവസായത്തിൽ ഒന്നും പുതിയ പോസ്റ്റില്ല. കഴിഞ്ഞ ദിവസം ഫിനാൻസ് മിനിസ്റ്റർ പറഞ്ഞത് ഗവണ്മെൻറിനേതായിട്ടുള്ള വ്യവസായങ്ങളിലു, ഗവൺമെൻറ് സർവ്വീസിലും പുതുതായിട്ടുള്ള ജോലികൾക്ക് ചാൻസുണ്ടെന്നുള്ള വിധത്തിൽ അവിടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള നടപടികളായി നിങ്ങൾ നോക്കേണ്ട. നിങ്ങൾ ജോലി വേണമെങ്കിൽ വേറെ നോക്കികൊള്ളണമെന്നാണ്. എവിടെയാണ് സർ ഈ ജോലികളുള്ളത്? ചില പ്രത്യേക സ്വാധീനത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ചിലരുടെ കാര്യസാദ്ധ്യത്തിനുവേണ്ടി യൂണിവേഴ്സിറ്റിയിൽ ഇന്നു റിട്ടയർമെൻറ് വയസ് ഉയർത്തുന്നു. ഇത് Agriculture University കളിൽ മാത്രം ഒതുങ്ങുമോ ? Sri Jacob പറയുന്നു University കളിൽ ഉള്ളപ്പോൾ Agriculture University യിലായും ഇനിയും മറ്റു കലാലയങ്ങളിലേക്ക് വകുപ്പുകളിലേക്ക് പടർന്നു പിടിക്കാൻ പോകുകയാണ്. യുവജനങ്ങൾ സൂക്ഷിക്കുക.

മുൻപ് നിയമത്തിൽ Chancellor, Vice-Chancellor, Pro-Vice Chancellor എന്നിവർക്കേ വയസിന് exemption ഉണ്ടായിരുന്നുള്ളു. ഇന്ന് Agriculture University യിലെ Librarian-നുവരെ retirement period നീട്ടി 60 ആക്കിയിരിക്കുന്നു. പക്ഷെ മാറുള്ള പോസ്റ്റുകൾ മാറ്റിത്തീർക്കുകയും വയസ് കൂട്ടുകയും ചെയ്യുന്നത് ഈ നാട്ടിലെ പഠിപ്പുള്ള തൊഴിലില്ലാത്ത ചെറുപ്പക്കാരോടു കാണിക്കുന്ന വലിയ അനീതിയാണ്. മുമ്പ് ശ്രീ. ജോർജ്ജ് സംസാരിച്ചപ്പോൾ അദ്ദേഹത്തെ തടസ്സപ്പെടുത്തി പറഞ്ഞു. സാധാരണ നിലയിൽ ധനകാര്യ മെമ്മോറാണ്ടം ഫാക്ചലായിട്ട് വേണം പറയാൻ. ധനകാര്യ മെമ്മോറാണ്ടത്തിൽ, സാധാരണ നിലയിൽ ഇവിടെനിന്ന് വരുന്നതായിട്ടുള്ള ഒരു റിപ്പോർട്ടിൽ ഇത്ര ചെലവ് വരുമെന്ന് പറഞ്ഞ് ഗവർണ്ണർക്ക് അയച്ചാൽ ഒപ്പിട്ട് തരും. ഒപ്പിട്ട് തരാതിരിക്കുകയില്ല. പക്ഷെ ഇതിന് ഒരു കളളം പറയണമോ ? പുതിയ പോസ്റ്റുണ്ടാക്കാത്തതുകൊണ്ട് കൂടുതൽ ചെലവാകുന്നില്ല. പുതിയ പോസ്റ്റില്ലെങ്കിൽ കൂടുതൽ ചെലവില്ലെന്ന് ആരോടാണ് പറയുക.

ഇൻക്രിമെൻറ് വരികയില്ലേ? ഹയർ ഗ്രേഡിലിരിക്കുന്നവർക്ക് വരുന്ന ഇൻക്രിമെൻറും ലോവർ ഗ്രേഡിലിരിക്കുന്നവർക്ക് വരുന്ന ഇൻക്രിമെൻറും വേറെയാണ്. അതിൽത്തന്നെ അവരുടെ പെൻഷനെ സംബന്ധിച്ചുള്ളതും വരും. ഇന്ന് ശമ്പളത്തിനേറെയും അലവൻസിനേറെയും പകുതിയാണ് പെൻഷൻ. പെൻഷൻ വലിയ ഒരു തുകയാണ്. ഡീനിന്റെ ശമ്പളവും മറ്റു മുകളിലോട്ട് കയറിയാൽ മാക്സിമം വന്നിട്ടുള്ള ഒരൊറ്റ ഡീനും ഉണ്ടായിരിക്കില്ല. ഓരോ വകുപ്പും എടുത്തുനോക്കിയാൽ ഒരൊറ്റ ഡീനും മാക്സിമം ഡ്രാ ചെയ്യുന്നില്ലെന്ന് കാണാം. ഇനിയും മുകളിലോട്ട് കയറത്തക്കവിധത്തിലുള്ളതാണ് Scale. ധനകാര്യ മെമ്മോറാണ്ടമൊണെങ്കിലും, നമ്മുടെ പൊതു മുതലിൽനിന്ന്, നമ്മുടെ സഞ്ചയ നിധിയിൽനിന്ന് ഗ്രാൻറും ലോണുമായി കൊടുക്കുന്ന തുക ഉപയോഗിച്ച് നടത്തുന്ന Agriculture University യിൽ വരുന്ന ചിലവ് നോക്കാൻ ഈ നിയമസഭയ്ക്ക്, അധികാരമുണ്ട്. എന്നതു മാറ്റിത്തീർത്താലും നിയമസഭയ്ക്ക് അധികാരമുള്ള കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ വരാത്തതും മറ്റു വിധത്തിൽ വരുന്നതുമായിട്ടുള്ള വക എക്സസ് ഗ്രാൻറായിട്ട് വന്നാൽ പാസ്സാക്കാനും പറ്റാത്ത സ്ഥിതിവിശേഷമുണ്ടാകും. അതുകൊണ്ട് ഈ നിയമം തള്ളിക്കളയണം. ഈ നാട്ടിലെ ചെറുപ്പക്കാരുടെ, ഈ നാട്ടിലെ യുവജന സംഘടനകളുടെ, ഈ നാട്ടിലെ പൊതുജനങ്ങളുടെ വികാരം മാനിച്ച് ഇത് തള്ളിക്കളയണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സാമാജികരോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്ന് അഗ്രികൾച്ചറൽ degree holders ഉൾപ്പെടെ അനേകം അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർ പുറത്തു ജോലിയില്ലാതെ നിൽക്കുന്ന ഈ കാലഘട്ടസ്ഥിതിയിൽ ഇത് പിൻവലിക്കണം. പിൻവലിക്കാൻ സന്നദ്ധരായില്ലെങ്കിൽ ഈ സഭ തള്ളിക്കളയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത് ദ്രോഹകരമായിട്ടുള്ള ഒരു നിയമമാണ്, നമ്മൾ തുടർന്നു വരുന്ന നയത്തിന് എതിരായിട്ട് വന്നിരിക്കുന്ന ഒരു നിയമമാണ്. എല്ലാ രാഷ്ട്രീയക്കാരും Congress കാരും ഇതുവരെ തുടർന്നുവന്ന നയത്തിനെതിരായിട്ട് കൊണ്ടുവന്ന ഒരു നിയമമാണ്. അതുകൊണ്ട് ഇത് തള്ളിക്കളയണമെന്ന് ഞാൻ ഒരിക്കൽകൂടി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, ഞാൻ പ്രാധാന്യം ആവശ്യപ്പെടുന്നു.

(താഴെ കാണുംവിധം സഭ വേർതിരിഞ്ഞ് വോട്ട് രേഖപ്പെടുത്തുകയുണ്ടായി.)

അനുകൂലിക്കുന്നവർ—48

1 ശ്രീ. ടി. കെ. അബ്ദു
2 ,, കെ. പി. അരവിന്ദാക്ഷൻ
3 ,, ടി. കെ. ആറുമുഖൻ
4 ,, ബേബിജോൺ
5 ,, കോടിയേരി ബാലകൃഷ്ണൻ
6 ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7 ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
8 ,, കെ. ചന്ദ്രശേഖരൻ
9 ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
10 ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
11 ,, സിറിയക്ക് ജോൺ
12 ശ്രീമതി പി. ദേവൂട്ടി
13 ,, കെ. ജെ. ജോർജ്ജ്
14 ശ്രീമതി കെ. ആർ. ഗൗരി
15 ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
16 ,, ടി. കെ. ഹംസ
17 ,, എം. ജിനദേവൻ
18 ,, ഇ. കെ. നായനാർ
19 ,, വി. സി. കബീർ
20 ,, കെ. ടി. കണാരൻ
21 ,, എം. കെ. കേശവൻ
22 ,, വി. കേശവൻ
23 ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ

LIBRARY ARCHIVES Kerala Legislative Assembly

24 ശ്രീ. കെ. ടി. കുമാരൻ
25 ,, പി. കുമാരൻ
26 ,, പി. വി. കുഞ്ഞിക്കണ്ണൻ
27 ,, ലോനപ്പൻനമ്പാടൻ
28 ,, ഇ. പത്മനാഭൻ
29 ,, കെ. പങ്കജാക്ഷൻ
30 ,, ടി. പി. പീതാംബരൻ മാസ്റ്റർ
31 ,, കെ. പി. പ്രഭാകരൻ
32 ,, കെ. പുരുഷോത്തമൻ
33 ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
34 ശ്രീ. വർക്കല രാധാകൃഷ്ണൻ
35 ,, വി. കെ. രാജൻ
36 ,, കാനം രാജേന്ദ്രൻ
37 ,, കെ. ശങ്കരനാരായണപിള്ള
38 ,, എ. കെ. ശശീന്ദ്രൻ
39 ഡോക്ടർ എ. സുബറാവു
40 ശ്രീ. കെ. വി. സുരേന്ദ്രനാഥ്
41 ,, എ. വി. താമരാക്ഷൻ
42 ,, സി. കെ. തങ്കപ്പൻ
43 ,, വി. ജെ. തങ്കപ്പൻ
44 ,, എസ്. ആർ. തങ്കരാജ്
45 ,, പി. സി. തോമസ് (കടുത്തുരുത്തി)
46 ,, എർ. എസ്. ഉണ്ണി
47 ,, ജി. വരദൻ
48 ,, പി. വിജയദാസ്

പ്രതികൂലിക്കുന്നവർ—59

1 ശ്രീ. എ. വി. അബ്ദുറഹുമാൻഹാജി
2 ,, ഇ. അഹമ്മദ്
3 ,, കൊരമ്പയിൽ അഹമ്മദ്ഹാജി
4 ,, സി. ടി. അഹമ്മദ്അലി
5 ,, കെ. അവുക്കാദർകുട്ടിനഹ
6 ,, ആർ. ബാലകൃഷ്ണപിള്ള
7 ,, പി. കെ. കെ. ബാവ
8 ,, യു. എ. ബീരാൻ
9 ,, ബെന്നിബഹനാൻ
10 ,, പി. ഭാസ്കരൻ
11 ,; വി. ദിനകരൻ
12 ,, എ. ജോർജ്ജ്
13 ,, കെ. എം. ഹംസക്കുഞ്ഞ്
14 ,, എം. എം. ഹസ്സൻ
15 ,, എം. പി. എം. ഇസ്ഹാക്ക്കുരിക്കൾ
16 ,, എ. എൽ. ജേക്കബ്
17 ,, ടി. എം. ജേക്കബ്
18 ,, സി. ജി. ജനാർദ്ദനൻ
19 ,, എ. സി. ജോസ്
20 ,, ജോസ്കുറിയാനി

LIBRARY ARCHIVES Kerala Legislative Assembly

21 ഡോക്ടർ കെ. സി. ജോസഫ്
22 ശ്രീ. പി. ജെ. ജോസഫ്
23 ,, വി. വി. ജോസഫ്
24 ശ്രീമതി എം. കമലം
25 ശ്രീ. കെ. ജി. ആർ. കർത്താ
26 ,, ജി. കാർത്തികേയൻ
27 ,, കെ. കരുണാകരൻ
28 ,, പി. കെ. കുഞ്ഞാലിക്കുട്ടി
29 ,, മണിമംഗലത്തു കുട്ട്യാലി
30 ,, ഇ. ജെ. ലൂക്കോസ്
31 ,, കെ. പി. എ. മജീദ്
32 ,, എം. വി. മാണി
33 ,, കെ. മുഹമ്മദാലി
34 ,, ഇ. ടി. മുഹമ്മദു ബഷീർ
35 ,, പി. എ. മുഹമ്മദ്കണ്ണ്
36 ,, പി. വി. മുഹമ്മദ്
37 ,, കെ. എസ്. നാരായണൻ നമ്പൂതിരി
38 ,, കെ. പി. നൂറുദ്ദീൻ
39 ,, തച്ചടി പ്രഭാകരൻ
40 ,, കെ. രാഘവൻ മാസ്റ്റർ
41 ,, രാഘവൻ പൊഴക്കടവിൽ
42 ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
43 ,, കെ. പി. രാമചന്ദ്രൻ നായർ
44 ,, തേറമ്പിൽ രാമകൃഷ്ണൻ
45 ,, കെ. പി. രാമൻ
46 ,, രമേശ് ചെന്നിത്തല
47 ,, തോപ്പിൽ രവി
48 ,, പി. സീതിഹാജി
49 ,, കടവൂർ ശിവദാസൻ
50 ,, നാലകത്തു സൂപ്പി
51 ,, കെ. കെ. ശ്രീനിവാസൻ
52 ,, സി. എം. സുന്ദരം
53 ,, എൻ. സുന്ദരൻനാടാർ
54 ,, വി. സുരേന്ദ്രൻപിള്ള
55 ,, പി. പി. തങ്കച്ചൻ
56 ,, കെ. കെ. തോമസ്
57 ,, പി. കെ. വേലായുധൻ
58 ,, ടി. വി. വിജയരാജൻ
59 ,, സ്റ്റീഫൻ പാമ്പുവ

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ—48

പ്രതികൂലിക്കുന്നവർ—59

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചതായി പ്രഖ്യാപിച്ചു.

2/1932/B.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജെ. ജോർജ് അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും സംയോജിത ഗ്രാമവികസനവും എന്ന ഒന്നാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയച്ചു.

(2) 1986-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1986-ലെ കേരള സിവിൽ കോടതി ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസു പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, 1986-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങളും സംബന്ധിച്ച പത്താം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ഞാൻ അതിനെ പിൻതാങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) സർ, ഇതു പ്രായോഗികമായി ചെയ്യേണ്ട ഒരു ചെറിയ ഭേദഗതിയാണ്. ഇവിടെ മുനിസിഫ് കോടതിയുടെ ധനപരമായ അധികാരപരിധി പഴയ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് 5000 രൂപയാണ്. ഭൂമിയുടെ വില കൂടിയതുകൊണ്ടും മറ്റു കാരണങ്ങൾകൊണ്ടും ഇപ്പോൾ മിക്കവാറും 5000 രൂപയ്ക്കു മേലെയുള്ളതാണ് വരുന്നത് എന്നുള്ളതുകൊണ്ട് മുനിസിഫ് കോടതിക്കു ജോലിയില്ലാതെ വരുന്നു. 5000 രൂപയ്ക്കു മേലെയുള്ളതു ജില്ലാ കോടതിക്കു പോകും. അതിന്റെ ഫലമായി മുനിസിഫ് കോടതിക്കു ജോലിയില്ലാതെ വരുകയും ജില്ലാ കോടതിക്കു ജോലി വർദ്ധിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ആതുക വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഭേദഗതി. അതുപോലെതന്നെ മുനിസിഫ്കോടതിയിൽ 5000 രൂപയിൽനിന്നും 15,000 രൂപയായി ഉയർത്തുമ്പോഴും ജില്ലാ കോടതിക്കുള്ള 10,000 രൂപയുടെ അധികാരം 25,000 രൂപയായി വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഭേദഗതി. ഇതു വലിയൊരു തർക്കവിഷയമായിട്ടുള്ളതാണ്. അതുപോലെ ഹൈക്കോടതിക്കു നോട്ടിഫിക്കേഷൻ പ്രകാരം ഓരോ ജൂറിസ്ഡിക്ഷനിലും കോടതിയെ ചുമതലപ്പെടുത്തുന്ന കാര്യത്തിൽ ഇന്നു മുനിസിഫ് കോടതി 500 രൂപയും മേൽ കോടതിക്കു 1000 രൂപയുമാണുള്ളത്. അത് ആയിരവും 1500 രൂപയായി വർദ്ധിപ്പിക്കണം. മറ്റൊന്ന് ഹൈക്കോടതി നേരിട്ടു കേസുകൾ കൈകാര്യം ചെയ്യുന്ന വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly